

# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686038 KERALA. PHONE: 8234

വാല്യം 6 ലക്കം 18 | 1989 മെയ് 26 ജൂൺ 2 | വില 1.15


# വൈദികർ സകലർക്കും വേണ്ടി പ്രാർത്ഥിക്കണം: പരിശുദ്ധ ബാവാ

സ്റ്റാഫ് എഡിറ്റർ

കോട്ടയം: വൈദികർ തങ്ങൾക്കും ഇടവകയ്ക്കും വേണ്ടി മാത്രമല്ല ലോകത്തുള്ള സകലർക്കും വേണ്ടിയും പ്രാർത്ഥിക്കുന്നവരായിരിക്കണമെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് പ്രസ്താവിച്ചു.

മെയ് 15 മുതൽ 19 വരെ കോട്ടയം പഴയസെമിനാരിയിലെ സോഫിയാ സെൻററിൽ നടന്ന വൈദിക റിഫ്രഷർ കോഴ്സിൻെറ സമാപന സമ്മേളനത്തിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു ബാവാ. എല്ലാം പഠിച്ചവർ എന്ന ചിന്താഗതി വെടിഞ്ഞ് ഏതു പ്രായത്തിലും പുതിയവ പഠിക്കാനും പഠിപ്പിക്കാനും തയ്യാറാവണമെന്നും അദ്ദേഹം വൈദികരെ ഓർമ്മിപ്പിച്ചു. പുരോഹിതൻ ജനങ്ങളെ നയിക്കുന്നവരാണെന്നും കാലത്തിൻെറ വളർച്ചയ്ക്കൊത്ത് അറിവു നേടാത്തവർ കുരുടൻ കണ്ണുള്ളവനെ വഴി നയിക്കുന്നപോലെയാവുമെന്നും അദ്ദേഹം തുടർന്നു.

ക്യാമ്പിൽ പങ്കെടുത്തവർക്ക് പരിശുദ്ധബാവാ തിരുമനസ്സുകൊണ്ട് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

റവ. തോമസ് കല്ലിനാൽ കോർ എപ്പിസ്കോപ്പാ, ഫാ. ജോൺ വി. ജോൺ എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി.

സെമിനാരി പ്രിൻസിപ്പൽ ഡോ. പൗലൂസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ സ്വാഗതവും റവ. ഡോ. എം. എ. മത്തായി കൃതജ്ഞതയും പറഞ്ഞു.

ക്യാമ്പിൽ 30 വൈദികരാണ് പങ്കെടുത്തത്. ബാഹ്യ കേരളഭദ്രാസനങ്ങളിൽ നിന്നും എത്തിയ നിരവധിപേരും ഇതിൽ ഉൾപ്പെടുന്നു.



## ഫാ. തോമസ് ജോൺസൺ ഭദ്രാസന സെക്രട്ടറി

തുമ്പമൺ: ഫാ: തോമസ് ജോൺസനെ തുമ്പമൺ ഭദ്രാസന സെക്രട്ടറിയായി മെയ് 12-ന് ചേർന്ന ഭദ്രാസനപ്പൊതുയോഗം തിരഞ്ഞെടുത്തു.

യോഗത്തിൽ ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. സഹായമെത്രാപ്പോലീത്താ ഫിലിപ്പോസ് മാർ യൗസേബിയോസ് യോഗത്തിൽ സന്നിഹിതനായിരുന്നു.

ഭദ്രാസനസെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ഫാ. ജോൺസൺ അയിരൂർ കൈപ്പള്ളിൽ കോളാകോട്ട് കുടുംബാംഗമാണ്. ഇപ്പോൾ കൈപ്പട്ടൂർ സെൻറ് ഇഗ്നേഷ്യസ് പള്ളി വികാരിയായി സേവനം അനുഷ്ഠിച്ചു വരുന്നു.

ഭദ്രാസനകൗൺസിലിലേയ്ക്ക് ഫാ. കെ. ടി. മാത്യൂസ്, ഫാ. പി. എം. സഖറിയാ, കെ. ജി. ജോർജ്, തോമസ് ജോൺ, എം. സി. മാത്യു, പി. കെ. പാപ്പി എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു.

യോഗം 1988-89 ലെ വാർഷിക റിപ്പോർട്ടും കണക്കും അംഗീകരിച്ചു.

## അസോസ്യേഷൻ അറിയിപ്പ് ഹെറാൾഡിൽ

1989 ഡിസംബർ 28-ന് ചേരുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ യോഗം കൂടുന്നതിന് പള്ളികൾക്കയക്കുന്ന നോട്ടീസും പ്രതിപുരുഷന്മാരുടെ അധികാരപത്ര ഫോറവും തിരഞ്ഞെടുപ്പ് അറിയിപ്പു ഫോറവും മനോരമ, മംഗളം എന്നീ ദിനപ്പത്രങ്ങളിലും ഓർത്തഡോക്സ് ഹെറാൾഡ് വാരികയിലും മലങ്കര സഭാമാസികയിലും പ്രസിദ്ധപ്പെടുത്തേണ്ടതാണെന്ന് സഭാമാനേജിംഗ് കമ്മററി തീരുമാനിച്ചിരിക്കുന്നു.

# സഭാ പാർലമെൻറ് പത്തനംതിട്ടയിൽ

സ്റ്റാഫ് എഡിറ്റർ

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയുടെ പാർലമെൻറുകൂടിയായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ ഡിസംബർ 28-ന് പത്തനംതിട്ട കാതോലിക്കേററ് കോളജ് അങ്കണത്തിൽ ചേരുന്നതാണ്.

തുമ്പമൺ ഭദ്രാസനപ്പൊതുയോഗത്തിൻെറ ശുപാർശപ്രകാരം സഭാ വർക്കിംഗ് കമ്മററി അതിന് ഔദ്യോഗികമായി അനുമതി നൽകുകയാണുണ്ടായത്.

സമ്മേളനത്തിൽ സഭയുടെ എല്ലാ പള്ളികളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന വികാരിയും പ്രതിപുരുഷന്മാരുമുൾപ്പെടെ മൂവായിരത്തോളം പേരാണ് പങ്കെടുക്കുക.

സമ്മേളനത്തിൽ 5 പുതിയ മെത്രാന്മാരെയും സഭാമാനേജിംഗ് കമ്മററിയംഗങ്ങളെയും തിരഞ്ഞെടുക്കും. രാഷ്ട്രീയ രീതിയിലുള്ള തിരഞ്ഞെടുപ്പുതന്ത്രങ്ങൾ അവലംബിക്കുക അയോഗ്യതയായി കണക്കിടും എന്ന് ഏപ്രിൽ 14-ന് പഴയസെമിനാരിയിൽ ചേർന്ന സഭാ മാനേജിംഗ് കമ്മററി ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമനസ്സിലെ ചരമ രജതജൂബിലിയാഘോഷങ്ങളുടെ സമാപനസമ്മേളനവും അന്ന് നടക്കുന്നതാണ്.

## പാമ്പാടി തിരുമേനിയുടെ ജീവചരിത്രം മൂന്നു ഭാഷകളിൽ

പഴഞ്ഞി: പാമ്പാടി തിരുമേനി എന്ന അപരനാമത്താൽ അറിയപ്പെടുന്ന കാലംചെയ്ത കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ സമ്പൂർണ്ണ ജീവചരിത്രം പഴഞ്ഞി എം. ഡി. കോളജ് പ്രിൻസിപ്പൽ പ്രൊഫ. കെ. എം. കുര്യാക്കോസ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. പാമ്പാടിതിരുമേനിയുമായി അടുത്ത് ഇടപെട്ടിട്ടുള്ളവരും അദ്ദേഹത്തിൻെറ മദ്ധ്യസ്ഥതയിൽ അഭയം തേടിയിട്ടുള്ളവരും ആ പുണ്യപുരുഷൻെറ വ്യക്തിത്വത്തിൽ ദർശിച്ച പ്രത്യേകതകളും മദ്ധ്യസ്ഥതയുടെ അനുഭവസാക്ഷ്യങ്ങളും Prof. K.M. Kuriakose, Principal, M. D. College, Pazhanji P. O., Kerala-680 542 എന്ന വിലാസത്തിൽ 1989 ജൂലായ് മുപ്പതിനകം എഴുതി അറിയിക്കുക. ഗ്രന്ഥം മലയാളത്തിലും ഹിന്ദിയിലും ഇംഗ്ലീഷിലും പ്രസിദ്ധപ്പെടുത്തുന്നതിനാൽ ഈ മൂന്നു ഭാഷകളിലും ലഭിക്കുന്ന വിവരങ്ങൾ സ്വീകാര്യമാണ്.

## ഗവർണ്ണർ കുന്നൂർ സന്ദർശിച്ചു

പ്രത്യേക ലേഖകൻ

കുന്നൂർ: അപ്പോസ്തോലികവും സ്വതന്ത്രവുമായ മലങ്കര ഓർത്തഡോക്സ് സഭയുടെ വൈശിഷ്ട്യം അതിൻെറ ആരാധനയിലുള്ള കൂട്ടായ്മയിലാണെന്ന് തമിഴ്നാട് ഗവർണ്ണർ

(ശേഷം 6-ാം പേജിൽ)

## ഹെറാൾഡ് ഫീച്ചർ

# ഉത്തരേന്ത്യൻ മിഷൻ ദർശനവുമായ്

ജോൺ തോമസ് കരിങ്ങാട്ടിൽ

ഭാരതത്തെ മുഴവൻ ലോകത്തിൻെറ പ്രകാശത്തിലേയ്ക്ക് കൊണ്ടുവരണം. ഭാരതസുവിശേഷീകരണം സഭയുടെ വലിയ ദർശനമായി എടുത്തെങ്കിൽ മാത്രമേ അത് ഇനിയെങ്കിലും സാദ്ധ്യമായി തീരൂ എന്ന് ഉത്തരേന്ത്യൻ മിഷന് നേതൃത്വം നല്കുന്ന കല്ക്കട്ടാ ഭദ്രാസനാധിപൻ സ്തേഫാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്ത അഭിപ്രായപ്പെട്ടു.

സുവിശേഷപ്രവർത്തനമേഖലകളിൽ കല്ക്കട്ടാ ഭദ്രാസനം രൂപം നൽകിയിരിക്കുന്ന ലക്ഷ്യങ്ങളെക്കുറിച്ചും മിഷൻ ദൗത്യത്തെക്കുറിച്ചും സംസാരിക്കുകയായിരുന്നു അദ്ദേഹം. കോട്ടയത്തിനടുത്ത് പാത്താമുട്ടം കയ്യാലാത്ത് കുടുംബത്തിൽ രണ്ടാഴ്ച വിശ്രമിക്കാനെത്തിയ അദ്ദേഹം ഭാരതത്തിൻെറ വൈവിധ്യമാർന്ന പ്രശ്നങ്ങളെ വിലയിരുത്തി.

ഭാരതമിന്ന് സ്വതന്ത്രമെങ്കിലും, അടിമത്തത്തിൻെറ കരിനിഴലിൽ, ഭീതി നിറഞ്ഞ അന്തരീക്ഷത്തിൽ അടിച്ചമർത്തപ്പെട്ടിരിക്കുന്ന വലിയൊരു ജനത രാജ്യത്തിൻെറ എല്ലാ ഭാഗത്തുമുണ്ട്. വിദ്യാഭ്യാസമോ പാർപ്പിടമോ, അത്യാവശ്യ ചികിത്സാസൗകര്യങ്ങളോ കിട്ടാത്ത പട്ടിണിക്കോലങ്ങൾക്കു മുമ്പിൽ 'സുവിശേഷം എന്ന മായമില്ലാത്ത പാൽ വിളമ്പാൻ എങ്ങനെ സാധിക്കും.' ഭാരതത്തിലെ 80 ശതമാനം ജനങ്ങളും ഗ്രാമങ്ങളിലാണ് കഴിയുന്നത്. കേരളത്തിലെപ്പോലെയുള്ള ഗ്രാമങ്ങളല്ല ഉത്തരേന്ത്യയിലേയ്ക്ക് ചെന്നാൽ കാണുന്നത്.

അസ്ഥിമാത്രശരീരവുമായ് അർദ്ധനഗ്നരായി ആഹാരത്തിനും വസ്ത്രത്തിനും വേണ്ടി വിലപിക്കുന്ന കുട്ടികൾ, രോഗവും പട്ടിണിയും അവരെ കാർന്നൊടുക്കുന്നു. പകലന്തിയോളം പണിയെടുത്താലും ഒരുചാൺ വയറു നിറപ്പാനുള്ള ആഹാരത്തിനു വക കിട്ടാത്ത സാഹചര്യത്തിൽ എട്ടും പത്തും കുടുംബാംഗങ്ങളെ പോററുന്നവർ; മുതലാളിത്വത്തിൻെറ കൂർത്തനഖങ്ങൾ പട്ടിണിപ്പാവങ്ങളിലേയ്ക്ക് തുളച്ചുകയറുമ്പോൾ, മദ്ധ്യാഹ്നസൂര്യൻെറ ഉഗ്രമായ ചൂടുപോലും അവർക്ക് സുഖകരമായി തോന്നിപ്പോകുന്നു; ഉയർന്നജാതിക്കാരുടെ പരുഷമായ നോട്ടവും പെരുമാററവും 'കറുത്ത ഇന്ത്യക്കാരെ' തന്നെ സൃഷ്ടിക്കുന്നു. വികലമാക്കപ്പെടുന്ന സംസ്കാരബന്ധങ്ങൾ അകൽച്ചയിൽനിന്ന് അകൽച്ചയിലേയ്ക്ക് നീങ്ങുന്നു. അടിമത്തപ്പെട്ട ജനതയുടെ ന്യായമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ട് അടിമനുകത്തിൻ കീഴിൽ വിയർപ്പൊഴുക്കുന്നു............

അതേ-

ഈ വിയപ്പുകണങ്ങൾ കണ്ട് അവരുടെ ദുഃഖത്തിൽ പങ്കുചേരുവാൻ 'ക്രിസ്തുവിൻെറ സ്നേഹം നിർബന്ധിക്കുന്ന' ഒരു പററം ചെറുപ്പക്കാർ ഉണ്ടായെങ്കിൽ മാത്രമെ സുവിശേഷീകരണദൗത്യം ലക്ഷ്യത്തിലെത്തിച്ചേരൂ. അതിന് പരിശുദ്ധാത്മാവിൻെറ പ്രവർത്തനം കൂടുതലായി സഭയിലുണ്ടാകണം.

ബാഹ്യകേരള ഭദ്രാസനത്തെ അഞ്ചായി തിരിച്ചപ്പോൾ മദ്ധ്യപ്രദേശ്, ഒറീസ്സാ, ബീഹാർ, ബംഗാൾ, ആസ്സാം, മേഘാലയ, നാഗാലാൻഡ്, വടക്കു കിഴക്കൻ മേഘാലയിലെ മററു ചെറു സ്റ്റേറ്റുകൾ, കുവൈററ്, മസ്കററ്, സലാല എന്നീ പ്രദേശങ്ങളിലെ ഇടവകകൾ ചേർത്തു 1979-ൽ കല്ക്കട്ടാ ഭദ്രാസനം രൂപീകൃതമായി. പ്രഥമ ഭദ്രാസനാധിപനായി സ്തേഫാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ ഭരണസാരഥ്യം ഏറെറടുത്തു. ഇ

(ശേഷം 3-ാം പേജിൽ)

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്
വാല്യം 6 1989 മെയ് 26 ജൂൺ 2 ലക്കം 17

# നന്മ ജയിക്കട്ടെ

തിന്മയുടെ അംശങ്ങൾ നമ്മിൽ നിലനിൽക്കുകയും തിന്മയിലേയ്ക്കുള്ള ചായ്‌വ് ഏകദേശം സ്ഥിരഭാവത്തോടെ തുടരുകയും ചെയ്യുന്നതുകൊണ്ട്, തിന്മയുടെ സ്വാധീനം ദിനംതോറും നമ്മിൽ വേലിയേററമുണ്ടാക്കുന്നുണ്ട്. അതിൻെറ ആക്രമണത്തിൽനിന്നും ഒഴിവുള്ളവരായി മനുഷ്യരിലാരുമില്ലാ. എന്നാൽ മനുഷ്യർ അതിനെ നേരിടുന്ന രീതിയിൽ വളരെയേറെ അന്തരം കാണുന്നുണ്ട്. ചിലർ തിന്മയുടെ സ്വാധീനത്തെ തങ്ങളുടെ മുഴുവൻ ശക്തിയുമുപയോഗിച്ച് എതിരിടുമ്പോൾ, മററു ചിലർ അതിൻെറ മുമ്പിൽ സന്തോഷത്തോടെയോ അഥവാ നിസ്സഹായതയോടെയോ കീഴടങ്ങുന്നു. വി. പൗലൂസ് നൽകുന്ന സന്മാർഗ്ഗശാസനകളിൽ ഏററ തിളക്കമുള്ള ഒന്നാണ് 'തിന്മയ്ക്കു കീഴടങ്ങരുതു്; നന്മയാൽ തിന്മയെ ജയിക്കുക' എന്നതു്.

തികച്ചും പ്രായോഗികമായ ഈ നിർദ്ദേശം സാധാരണ മനുഷ്യരുടെ ജീവിതരംഗങ്ങളിൽ വളരെ പ്രസക്തമാണ്. തിന്മയ്ക്കു മുമ്പിൽ കീഴടങ്ങാനോ, അതിനെ എതിർക്കാനോ മനുഷ്യനു കഴിയും. പല പ്രഗത്ഭന്മാരും, വീരപരാക്രമികളും ഇങ്ങനെ കീഴടങ്ങുന്നവരുടെ പട്ടികയിൽപ്പെടും. ലോകസാഹചര്യങ്ങൾ അനുസരിച്ച്, തിന്മയാൽ ജയിക്കപ്പെടാൻ എളുപ്പമാണ്. മറിച്ച് തിന്മയെ ജയിക്കാൻ നിതാന്തജാഗ്രതയും, അവിച്ഛിന്നമായ ശ്രദ്ധയും ആവശ്യമാണ്. എന്നാൽ അതു് നേട്ടംതോറും തിന്മയെ ജയിക്കാനുള്ള കരുത്തു് ഏറിവരികയും ചെയ്യും. ചില അത്യാന്താധുനികന്മാർ മാത്രമല്ല, പഴഞ്ചന്മാരും തിന്മയെ തിന്മകൊണ്ടെതിർക്കുന്ന സാഹസത്തിനു് ഒരുമ്പെടാറുണ്ട്. ഇങ്ങോട്ടു കോപിക്കുന്നവനോട് തിരിച്ചു കോപിക്കാൻ ഏതു മനുഷ്യനും കഴിയും. അതിനു വലിയ സിദ്ധിയും പരിശീലനവും ആവശ്യമില്ല. ഇത്തരം പ്രതികരണങ്ങൾ ധീരതയുടെയും ആണത്വത്തിൻെറയും ലക്ഷണമാണെന്നു് ധരിച്ചുവശായിരിക്കുന്നവരുമുണ്ട്. തിന്മയാൽ നന്മയെ എതിരിടുന്നതിനെക്കാൾ ആയാസകരമാണ്. തിന്മയെ നന്മകൊണ്ട് നേരിടുന്നതു് എന്ന് തോന്നിയേക്കാം. പക്ഷെ യാഥാർത്ഥ്യം അതല്ല. കോപത്തിനെതിരെ കോപം പ്രകടിപ്പിക്കുന്നതിനെക്കാൾ ആനന്ദദായകവും, തൃപ്തികരവുമാണ് കോപത്തെ ശാന്തതകൊണ്ട് നേരിടുന്നതു് എന്ന് അനുഭവത്തിൽ നിന്നേ മനസ്സിലാകൂ! അതുനൽകുന്ന അനുഭൂതി അവാച്യമാണ്.

## ധ്യാനപീഠം

വ്യക്തിബന്ധങ്ങളിലാണ് ഇതിൻെറ വ്യാപാരം ഏറെ പ്രകടമാകുന്നതു്. ശപിക്കുന്നവനെ തിരിച്ചു ശപിക്കാതെ അനുഗ്രഹിക്കാൻ കഴിയുന്ന തത്വശാസ്ത്രംപോലെ ഉദാത്തമായി മററൊന്താണുള്ളതു്. അതിനാൽ, നിൻെറ ശത്രുവിനു വിശന്നാൽ 'അവൻ വിശന്നു മരിക്കട്ടെ' എന്നു് ആത്മഗതം ചെയ്യാതെ അവനു ഭക്ഷണം നൽകണം എന്നാണ് വി. പൗലൂസിൻെറ നിർദ്ദേശം. പ്രതികാരവും ശിക്ഷയുമെല്ലാം ദൈവത്തിനു വിടുക. നമ്മുടെ വാകൾ തുറക്കുന്നതു് അനുഗ്രഹത്തിനാകട്ടെ. തിന്മ പരാജയപ്പെട്ട്, നന്മ ജയിക്കട്ടെ!

**പ്രാർത്ഥന:** ദൈവമെ തിന്മയോട് കീഴടങ്ങാതെ നന്മ പ്രവർത്തിക്കുന്നതുമൂലം തിന്മയുടെ സ്വാധീനത്തിൽനിന്നും വിമുക്തരാകാം എന്നപാഠം ഞങ്ങൾക്കുപദേശിച്ചു തരണമേ! തുടർച്ചയായി നന്മ പ്രവർത്തിക്കുന്നതു് തിന്മയുടെ ആക്രമണത്തിനെതിരായുള്ള കവചമായി ഞങ്ങൾക്കു നീ നൽകിയിരിക്കുന്നു. തിന്മയ്ക്കെതിരെ തിന്മ ചെയ്യുന്നവരാകാതെ നന്മയുടെ ഭാഗത്തേക്കു ഞങ്ങളെ തിരിക്കേണമേ.

**ചിന്താവിഷയം:** റോമ. 12:21 'തിന്മയോട് തോല്ക്കാതെ, നന്മയാൽ തിന്മയെ ജയിക്കുക'

**ഫാ. ജേക്കബ് ചെറിയാൻ**

ധ്യാനവേദി അദ്ധ്യായം 18

# ക്രിസ്താനുകരണം

**തോമസ് എ. കെംപിസ്**

**വിവ. പ്രൊഫ. കെ. വി. തമ്പി**

നമുക്കു് മുൻപേ ക്രിസ്തു ചെയ്തപോലെ ഇഹജീവിതദുരിതങ്ങളെ നാം ക്ഷമാപൂർവ്വം സഹിക്കണം.

നാഥൻെറ സ്വരം: എൻെറ മകനേ നിന്നെ രക്ഷിക്കുവാൻ ഞാൻ സ്വർഗ്ഗത്തിൽനിന്നു് അവതരിച്ചു. മാത്രമല്ല നിൻെറ ജീവിതത്തിൻെറ യാതനകളെ ഞാൻ കൈക്കൊണ്ടു ആവശ്യത്താലല്ല, സ്നേഹത്താൽ മാത്രം; നീ സഹനം അഭ്യസിക്കണമെന്നു് ആഗ്രഹിച്ചതിനാൽ പ്രതികൂലിക്കാതെ ഭൗമജന്മത്തിൻെറ യാതനകളെ വഹിക്കുവാൻവേണ്ടി. എൻെറ ജന്മത്തിൻെറ നിമിഷംമുതൽ കുരിശിലെ എൻെറ മരണംവരെയും ഞാൻ സഹനത്തിൽനിന്നൊരിക്കലും മുക്തനായിരുന്നില്ല. എല്ലാ ഭൗമസ്വത്തിൻെറയും നിസ്വതയെ ഞാൻ അറിഞ്ഞു; പലപ്പോഴും എനിക്കെതിരെ ഉയർത്തപ്പെടുന്ന പ്രതിഷേധഘോഷങ്ങളെ ഞാൻ കേട്ടു. കരുണയാൽ ഞാൻ അവഹേളനവും നിന്ദയും സഹിച്ചു. ദയയ്ക്കു പകരം കൃതഘ്നതയെ ഞാൻ സന്ധിച്ചു. അത്ഭുതകർമ്മങ്ങൾക്കു പകരം ദൈവനിന്ദാപരാധത്തേയും പ്രബോധത്തിനു പകരം വിമർശനത്തേയും.

ശിഷ്യൻ: നാഥാ നീ നിൻെറ ഭൗമജന്മം ക്ഷമയോടെ നയിച്ചു. ഇതിൽ മറെറന്തിലുമധികമായി നീ നിൻെറ പിതാവിൻെറ ആജ്ഞയെ അനുസരിച്ചു. അതുകൊണ്ട് നീ ആജ്ഞാപിക്കുവോളം ഈ മർത്ത്യജന്മത്തിൻെറ ഭാരത്തെ എൻെറ രക്ഷയ്ക്കായി വഹിക്കുന്നതും നിൻെറ ഇച്ഛാനുസരണവും ക്ഷമയോടും എന്നെപ്പോലെയുള്ള ഒരു നികൃഷ്ടപാപി കാത്തുനില്ക്കുന്നതും യോഗ്യമത്രെ. ഈ ഭൗമജന്മത്തെ ഒരു ഭാരമായി നാം കണ്ടാലും, നിൻെറ പ്രസാദത്താൽ ഗുണത്തിൻെറ ഒരു പ്രഭവമാക്കപ്പെട്ടിരിക്കുന്നു അതു്; നിൻെറ നിദർശനവും നിന്നെ അനുഗമിച്ച വിശുദ്ധന്മാരുടെ പാദമുദ്രകളും അതിനെ പ്രകാശതരവും, പരിക്ഷീണർക്കു വഹിക്കുവാൻ സുകരവുമാക്കിയിരിക്കുന്നു. മാത്രമല്ല പഴയനിയമത്തിൻകീഴിലെന്നതിനേക്കാളേറെ ഇപ്പോൾ സൗഖ്യവും ഉണ്ട്; അന്നു് സ്വർഗ്ഗകവാടം ദൃഢമായി അടഞ്ഞുകിടന്നിരുന്നു; സ്വർഗ്ഗത്തിലേയ്ക്കുള്ള വഴിത്താര തമോമയമായി കാണപ്പെട്ടിരുന്നു. സ്വർഗ്ഗരാജ്യത്തിലേക്കു നോക്കുവാൻ മിനക്കെട്ടവരും എത്രയോ കുറവായിരുന്നു. തീർച്ചയായും, നിൻെറ പീഡാനുഭവവും വിശുദ്ധ മൃത്യുവുംവരേയും ദൈവരാജ്യത്തിലേയ്ക്കു് ഒരു പാതയും ഇല്ലായിരുന്നു ധാർമ്മകർക്കും രക്ഷാർഹർക്കുപോലും.

എനിക്കും നിന്നിൽ വിശ്വസിക്കുന്ന ഏവർക്കും നിൻെറ നിത്യരാജ്യത്തിലേയ്ക്കുള്ള നേരായ നല്ല വഴി ഉദാരമായി തന്നെ കാണിച്ചുതന്നതിൻെറ പേരിൽ എന്തനന്തമായ നന്ദികളാണ് ഞാൻ നിനക്കു നൽകേണ്ടിയിരിക്കുന്നതു്. എന്തെന്നാൽ നീ നയിച്ച ജീവിതം ആണല്ലൊ ഞങ്ങളുടെ മാർഗ്ഗദീപം; യാത്രാന്ത്യത്തിലെ ഞങ്ങളുടെ പാരിതോഷികമായ നിൻെറ നേരെ ശുദ്ധക്ഷമയോടെ ഞങ്ങൾ സഞ്ചരിക്കുന്നു. നീ മുമ്പേ പോയിരുന്നില്ലെങ്കിൽ, ചെയ്യേണ്ടതെന്തെന്നു് ഞങ്ങളോടു പറഞ്ഞിരുന്നില്ലെങ്കിൽ, ആരെങ്കിലും അനുഗമിക്കുവാൻ തയ്യാറാകുമോ? നിൻെറ തിളങ്ങുന്ന സാക്ഷ്യത്തിൽ തങ്ങളുടെ നയനങ്ങളെ ഉറപ്പിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ അധികമാർക്കും വളരെയൊന്നും മുന്നേറുവാൻ സാധിക്കുകയില്ല എന്നതു് ഒരു വിഷാദചിന്തയാണ്. നീ ചെയ്തതും പഠിപ്പിച്ചതും ഞങ്ങളോടു പറയപ്പെട്ടപ്പോൾ പോലും ഞങ്ങളോട് ഉത്സാഹം എത്ര മന്ദോഷ്ണമാണ്. ഞങ്ങളനുഗമിക്കുമ്പോൾ അത്രയും ഉജ്വലമായ ഒരു തേജസ്സ് ഞങ്ങളെ നയിക്കുവാൻ ഇല്ലായിരുന്നുവെങ്കിൽ എന്തു ഭവിക്കുമായിരുന്നു?

**പ്രാർത്ഥനാവലയം**

ഫാ. പി. എൻ. പോൾ,
മാർ കുറിയാക്കോസ് ആശ്രമം,
മൈലപ്ര. പി. ഒ.
പത്തനംതിട്ട.
ഫോൺ. 04751-2295

**പ്രാർത്ഥനയിൽ ഓർക്കപ്പെടേണ്ടവരുടെ പേരുകളും പ്രാർത്ഥനാവിഷയങ്ങളും**

(1) HPG. 55 (a) Mr. P. T. M., (b) Mrs: A. M., (c) ST. M., (d) SO. M, (e) SH. M., (f) M. M. കല്ലൂപ്പാറ
കുടുംബസമാധാനം, ക്ഷേമം, ഭദ്രത.

(2) HPG:56 Miss M. V. തിരുവല്ല
നല്ല ഭാവി, വിദ്യാഭ്യാസത്തിൽ വിജയം

(3) HPG: 57 Mr V. V Pothanicadu
മദ്യപാനം നിർത്തുന്നതിനും കൂടുതൽ ദൈവാശ്രയത്തിനും

(4) HPG: 58 Mr. A. V. Chathamattom.
രോഗങ്ങളിൽ നിന്നും പ്രയാസങ്ങളിൽനിന്നും വിടുതൽ പ്രാപിപ്പാൻ, ദൈവാത്മാവിൽ ശക്തിപ്പെടുവാൻ.

(5) HPG: 59 Rev. Fr. S and fmly.
രോഗസൗഖ്യം, കുടുംബസമാധാനം

(6) HPG: 60 (a) Mrs:S —കുടുംബഭദ്രത
(b) അനുജൻെറ മകനു്—ജോലി
(c) മക്കൾ പരസ്പരം സ്നേഹമുള്ളവരായിരിപ്പാൻ
(d) മകൻെറ ഭാര്യ— ജോലി

(7) HPG: 61 Miss B. K. V. Ranni
പരീക്ഷയിൽ വിജയം, ഓർമ്മശക്തി, താഴ്മ, സമാധാനം

(8) HPG: 62 Smt. M.J.
കുടുംബസമാധാനം, സഹോദരനും കുടുംബത്തിനും കൂടുതൽ കൃപയും ബലവുംകൊടുക്കുവാൻ

(9) HPG: 63 (a) Mrs. M. T. Chengannur
രോഗസൗഖ്യം, കുടുംബസമാധാനം
(b) Thomas (c) Joy Thomas
മദ്യപാനത്തിൽനിന്നും വിടുതൽ ലഭിപ്പാൻ, മാനസാന്തര ജീവിതം
(d) Varghese, Sosamma, and Childrens
നിറപ്പിൻെറ അനുഭവത്തിനു്

(10) HPG: 64 Mrs Mr. S.J.
സന്തോഷകരമായ കുടുംബജീവിതത്തിനു്

(11): HPG: 65 (a) Mr. M. K. V. and family
ദൈവകൃപയിൽ ശക്തി പ്രാപിക്കുവാൻ (b) സഹോദരി, ദൈവനടത്തിപ്പിലുള്ള വിവാഹജീവിതത്തിനു്

(12) HPG: 66 Dr. T. V., TVM
ഉന്നത പഠനത്തിനും, വിദേശയാത്രയ്ക്കും

(13) HPG: 67 Mrs C.
(a) മൂത്തമകൻെറ സന്തോഷകരമായ കുടുംബജീവിതം (b) രണ്ടാമത്തെ മകൻ, മദ്യപാനത്തിൽ നിന്നു് വിടുതൽ ലഭിപ്പാൻ

(14) HPG: 68 Mr. K. C. G., Changanacherry
(a) Biju, (b) Kunju
ജോലിക്കുവേണ്ടി

(15) HPG: 69 Mrs. M. പുതുപ്പള്ളി
(a) ഇളയ മകൻ, പ്രാർത്ഥനയിൽ ശക്തി പ്രാപിക്കാൻ ജോലി ലഭിക്കുവാൻ
(b) കുടുംബ സമാധാനം

(16) HPG: 70 Dr. G. T.
കുടുംബസമാധാനം നല്ല ആഗ്രഹങ്ങൾ സഫലീകരിക്കുവാൻ, വസ്തുവിലെ വ്യവഹാരം തീർന്നു കിട്ടാൻ, സന്തോഷകരമായ ജോലി ലഭിപ്പാൻ മാതാവിൻെറ രോഗശമനം. മക്കളുടെ വിദ്യാഭ്യാസം, സാമ്പത്തിക ഭദ്രത

# ഗീവർഗീസ് ദ്വിതീയൻ സ്മരണകൾ

## കുന്തിരിക്കത്തിന്റെ ഓർമ്മകൾ

1979 കാലഘട്ടം.

അന്നു് കേരളാ ഭക്ഷ്യവകുപ്പു മന്ത്രിയായിരുന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അരുമസന്താനം ഇ. ജോൺ ജേക്കബ് ഇലഞ്ഞിക്കലിന്റെ നിര്യാണത്തെ തുടർന്നു് കേരളാ കോൺഗ്രസ് പാർട്ടിയിൽ ചില സംഭവവികാസങ്ങളുണ്ടായി.

ഇ. ജോൺ ജേക്കബ് എന്ന ബേബിച്ചായൻ രാഷ്ട്രീയത്തിൽ എന്റെ ഗുരുനാഥൻ കൂടിയായിരുന്നു.

ബേബിച്ചായന്റെ നിര്യാണവും പാർട്ടിയിലെ പ്രശ്നങ്ങളും എന്നെ മാനസികമായി വളരെ അസ്വസ്ഥനാക്കിയിരുന്നു.

പാർട്ടിയുടെ ചില അടിയന്തര ചർച്ചകൾ അന്നു് എന്റെ പാർട്ടി അനുഭാവി കൂടിയായിരുന്ന കോട്ടയത്തു വട്ടക്കുന്നേൽ ജക്കോച്ചന്റെ വീട്ടിൽ വച്ചാണു് നടന്നതു്.

എന്റെ മനസ്സിന്റെ പിരിമുറുക്കം മനസ്സിലാക്കിയ ജക്കോച്ചന്റെ പിതാവ് ഒരു സാധനം എന്റെ കയ്യിൽതന്നു് പറഞ്ഞു. 'ദാ....ഇതു് പോക്കററിൽ സൂക്ഷിച്ചോളൂ ... പ്രശ്നങ്ങളൊക്കെ പരിഹരിക്കപ്പെടും....'

'എന്താ .. ഇതു്' ഞാൻ സംശയാലുവായി.

'ഇതു് ബാവായുടെ (പ: ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ) കബറടക്കത്തിന്റെ പിറേറന്നു് കബർ പണി നടക്കുമ്പോൾ അതിൽനിന്നെടുത്തു് സൂക്ഷിച്ചുവരുന്നതാണു്''

എനിക്കും വലിയ വിശ്വാസമായി.

മനസ്സു വളരെ ലാഘവപ്പെട്ടതുപോലെ ഒരു തോന്നലും. കുന്തിരിക്കം ആദരപൂർവ്വം ഞാൻ പോക്കററിൽ നിക്ഷേപിച്ചു.

മൂന്നാം ദിവസം അന്നത്തെ രാഷ്ട്രീയ പ്രതിസന്ധിമാററി എന്റെ പ്രതീക്ഷയിൽ കവിഞ്ഞ ഒരു തിരിവിലായി.

മന്ത്രിപദം തന്നെ എനിക്കു ലഭ്യമായി.

മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു് അധികാരമേററടുത്ത നിമിഷം തന്നെ രാജ്ഭവനിൽ നിന്നു് ദേവലോകം അരമനയിലേയ്ക്കു തിരിച്ചു.

എനിക്കുവേണ്ടി മദ്ധ്യസ്ഥത വഹിച്ചനുഗ്രഹിച്ച പരിശുദ്ധനായ ആ പിതാവിന്റെ കബറിങ്കലെത്തി ഒരു നിമിഷം പ്രാർത്ഥിക്കുവാൻ. ഓർത്തഡോക്സ് സഭയുടെ അന്തസ്സിനു കളങ്കം ചാർത്താതെ കറപുരളാത്ത കൈകളുമായി പ്രവർത്തിക്കുവാൻ ആ കബറിടം എനിക്കുത്തേജനം നല്കുന്നു.

നല്ലവരായ കല്ലൂപ്പാറയിലെ ജനങ്ങളുടെ അകമഴിഞ്ഞ സഹകരണവും പ്രാർത്ഥനയും എന്റെ വിജയത്തിനു കാരണമായി. അപ്പോഴെല്ലാം ദേവലോകത്തെ വല്യബാവായുടെ കബറിങ്കലും പരുമലക്കബറിങ്കലും പോയി പ്രാർത്ഥന നടത്തിയശേഷം മാത്രമേ എന്റെ ചുമതലകൾ ഔദ്യോഗികമായി ഞാൻ ഏറെറടുത്തിട്ടുള്ളു.

'പിതാക്കന്മാരുടെ മദ്ധ്യസ്ഥത എനിക്കു് ശക്തി പകരുന്നു എന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു'.

'കറ പുരളാത്ത മനസ്സുമായി പ്രവർത്തിക്കുവാനുള്ള ആവേശവും'.

**ടി. എസ്. ജോൺ, മുൻ കേരളാ ഭക്ഷ്യവകുപ്പുമന്ത്രി**

## ഫീച്ചർ തുടർച്ച

ഒന്നാം പേജിൽനിന്നും

പ്പോൾ 57 പള്ളികളും 31 വൈദികരും 3 ശെമ്മാശന്മാരുമുള്ള ഭദ്രാസനം. മിഷൻ പ്രവർത്തനരംഗത്തു് നടത്തിക്കൊണ്ടിരിക്കുന്ന ക്രിയാത്മകമായ പ്രവർത്തനങ്ങൾ പ്രശംസനീയമാണു്.

1972 ജൂലൈ 3–നു് അന്നത്തെ ഭദ്രാസന മെത്രാപ്പോലീത്താ മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ (പരിശുദ്ധ കാതോലിക്കാ ബാവാ) നേതൃത്വത്തിലാരംഭിച്ച ഇവിടത്തെ മിഷൻ പ്രവർത്തനം ഇന്നു് അത്ഭുതപൂർവ്വമായ പുരോഗതി കൈവരിച്ചിരിക്കുന്നു.

കല്കട്ടാ ഭദ്രാസനം രൂപീകരിച്ചപ്പോൾ ഭിലായ് എം. ജി. സ്കൂൾ മാത്രമെ സ്ഥാപനമായി ഉണ്ടായിരുന്നുള്ളു. എന്നാലിന്നു് മിഷൻ പ്രവർത്തനരംഗത്തും, വിദ്യാഭ്യാസമേഖലകളിലും നൂതനങ്ങളായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഭിലായ്, ജബൽപ്പൂർ, റൂർക്കേല, കോർമ്പാ, നാഗപ്പൂർ, ബോക്കാറോ, ഡിമാപ്പൂർ എന്നിവിടങ്ങളിലായി 10 സ്കൂളുകളും, ഭിലായിയിൽ ഒരു ഫസ്റ്റ് ഗ്രേഡ് കോളേജും നല്ല നിലയിൽ പ്രവർത്തിക്കുന്നു.

മക്കോഡിയൻ വില്ലേജ് മിഷൻ, ഭദ്രാസനസെൻറർ, ആശ്രമം, ബാലഭവനം മെഡിക്കൽ മിഷൻ എന്നിവ ഭദ്രാസനത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ നടത്തപ്പെടുന്നു. ഐ. ററി. സി. പ്രിൻററിങ്ങ് പ്രസ്, തയ്യൽ സ്കൂൾ, കോൺവെൻറ് എന്നിവ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി ഭിലായിലും ബോക്കാറയിയിലുമായി 31 ഏക്കറോളം സ്ഥലമുണ്ടു്. കോളജിനും സ്കൂളിനുമായി സ്റ്റീൽ അതോറിററി ഓഫ് ഇൻഡ്യ, സഭയുടെ പേരിൽ രജിസ്റ്റർ ചെയ്തു് എഴുതികൊടുത്ത ഈ സ്ഥലത്തിനു് 2 കോടി രൂപ വിലമതിക്കാവുന്നതാണു്. ഭിലായി മിഷൻ പ്രവർത്തനത്തിനായി 26 ഏക്കറിലധികം സ്ഥലമുണ്ടു്. കോളേജിനു് 40 ലക്ഷം രൂപയും സ്കൂളുകൾക്കു് ഒന്നരക്കോടിരൂപയും കെട്ടിടനിർമ്മാണങ്ങൾക്കുമാത്രം ഇതിനോടകം ചിലവായിട്ടുണ്ടു്. പുതിയ വികസനപ്രവർത്തനങ്ങൾക്കായി വിവിധ പദ്ധതികളാവിഷ്ക്കരിച്ചിട്ടുണ്ടു്.

ഉത്തരേന്ത്യൻ മേഖലകളിൽ മിഷൻ പ്രവർത്തനം നടത്തേണ്ടുന്ന സാഹചര്യങ്ങളെ തിരുമേനി വിലയിരുത്തുന്നു.

മിഷൻ എന്നതു് പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണു്. ആത്മീയശക്തിയും പക്വതയുമാർജ്ജിച്ചു് 'അവനുവേണ്ടി' ജീവൻപോലും ത്യജിക്കുവാൻ തയ്യാറുള്ള ദൈവവേലക്കാരുടെ സമർപ്പണബോധത്തോടുള്ള ആത്മപ്രേരിതമായ പ്രവർത്തനമാണു് മിഷൻ. പ്രതിഫലേച്ഛയെന്യേ പ്രവർത്തനരംഗത്തേയ്ക്കുവരുന്ന ആൾക്കാരുടെ സമൂഹമാണു് യഥാർത്ഥ മിഷനറിസമൂഹം.

ഒരു ക്ഷണംകൊണ്ടു് ഒരുപററം ആൾക്കാരെ മതപരിവർത്തനം ചെയ്യിപ്പിക്കുക എന്നതല്ല മിഷൻ. മതപരിവർത്തനം ചെയ്യിപ്പിച്ചുകൊണ്ടുള്ള മിഷൻ ഈ നൂററാണ്ടിൽ, ഭാരതത്തിൽ വിഭാവനം ചെയ്യുവാനേ സാധ്യമല്ല. പിന്നെ, ചെയ്യുവാൻ കഴിയുന്നതു് അടിച്ചമർത്തപ്പെട്ടിരിക്കുന്ന ജനതയെ സർവ്വപീഡനങ്ങളിൽനിന്നും വിമോചിപ്പിക്കുക എന്നതാണു്. അതായതു്–

'സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരിക്കുന്ന ജനതയെ സാമൂഹ്യ, സാംസ്കാരിക, ബൗദ്ധികമേഖലകളിൽ സമുദ്ധരിച്ചു് 'മനുഷ്യവ്യക്തിത്വങ്ങളെ കരുപ്പിടിപ്പിക്കുന്ന' ദൗത്യമാണുണ്ടാകേണ്ടതു്. അറിവും മരുന്നും നല്കുന്നതിനുവേണ്ടി ആശുപത്രികളും സ്കൂളും സ്ഥാപിച്ചു് ഗ്രാമാന്തരങ്ങൾതോറും ജീവന്റെ പ്രകാശം' പരത്തുവാൻ ക്രൈസ്തവമിഷനു കഴിയണം.– ഇതാണു് ഞങ്ങൾ വിഭാവനം ചെയ്തു് നടപ്പാക്കിയിരിക്കുന്ന മക്കോഡിയൻ മിഷൻ. ഉത്തരേന്ത്യൻ മേഖലകളിൽ മലങ്കരസഭയുടെ ആദ്യത്തെ ഗ്രാമങ്ങളുടെ മിഷനാണിതു്.

(ഇററാഴ്സി– ബോംബേ റെയിൽവേ റൂട്ടിൽ, 25 കിലോമീററർ അകലെ 6 ഏക്കർ സ്ഥലവും വലിയ ബംഗ്ലാവും ചാപ്പലും ക്വാർട്ടേഴ്സുമുള്ള ഈ മിഷന്റെ പ്രവർത്തനങ്ങൾക്കായി 2 ലക്ഷം രൂപ മുടക്കിക്കഴിഞ്ഞു. ഗ്രാമങ്ങൾതോറും ചെന്നു് ജനങ്ങളുടെ ആവശ്യങ്ങളറിഞ്ഞു് പ്രവർത്തിക്കുന്ന ഗ്രാമമിഷനു് ഒരച്ചനും രണ്ടു് ബ്രദേഴ്സും നേതൃത്വം നൽകുന്നു )

ജനങ്ങളെ പെട്ടന്നു് മാനസികമായിട്ടുകത്തി, ജലസ്നാനം നൽകി, കുരിശുവരയ്ക്കാൻ പഠിപ്പിച്ചു്, വേദപുസ്തകം നൽകിയിട്ടു് അടുത്ത 'മിഷൻവയൽ' തേടിപ്പോകുന്ന പ്രോട്ടസ്റ്റൻറുകാരുടെ മിഷൻ ദർശനമല്ല ഓർത്തഡോക്സ് സഭയ്ക്കു് ഉണ്ടാകേണ്ടതു്.

ഭാരതീയസംസ്ക്കാര ശൈലിയും ജീവിതക്രമങ്ങളും ഒരു പരിധിവരെ സ്വാംശീകരിച്ചു് ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുന്ന പൗരാണികവും സത്യവിശ്വാസത്തിൽ അടിയുറച്ചതുമായ മലങ്കര ഓർത്തഡോക്സ് സഭ ഒരു ദേശീയ സഭയെന്ന നിലയിൽ ഇൻഡ്യൻ ദേശീയതയുമായി സമന്വയിച്ചു പ്രവർത്തിക്കുവാൻ അനവരതം യത്നം ചെയ്യേണ്ടിയിരിക്കുന്നു. ജനങ്ങളുടെ സമഗ്രമായ ആദ്ധ്യാത്മികവും ലൗകീകവുമായ ഉന്നമനത്തിനു് വേദിയൊരുക്കാൻ മിഷൻ പ്രവർത്തനം കൊണ്ടു് കഴിയണം. ഇന്നു് ഒരു ബാലഭവൻ ഉണ്ടാക്കിയാൽ സഭയുടെ മിഷൻ പ്രവർത്തനം കഴിഞ്ഞു എന്ന ചിന്തയാണുള്ളതു്.

നമ്മുടെ ആളുകൾക്കു് മിഷൻ എന്നു കേൾക്കുന്നതു്, പ്രത്യേകിച്ചു് നോർത്തിൻഡ്യൻ മിഷൻ എന്നു കേൾക്കുന്നതു തന്നെ അലർജിയാണു്. കേരളത്തിലെ ജനങ്ങൾക്കുവേണ്ടി വല്ലതും ചെയ്യുവാൻ തയ്യാറാണു്. അന്യസംസ്ഥാനങ്ങളിൽ എന്തിനാണു് ഇതെല്ലാം എന്നാണു് ഇത്തരക്കാരുടെ വാദമുഖം.

ഭിലായിയിൽ കൊണ്ടുചെന്നു് കോളജ് സ്ഥാപിച്ചാൽ നമുക്കു് എന്തു കിട്ടും.

ഞാനതിനു പണം നൽകിയാൽ എന്റെ മകനു് അഡ്മിഷൻ കിട്ടുമോ. ഇതേ ചോദ്യങ്ങളാണു് നമ്മുടെ ആൾക്കാർ ഉന്നയിക്കുന്നതു്. നമ്മുടെ മനസ്സിൽ 'പ്രോഫിററ് മെയ്ക്കിങ്ങ് കൺസേണാണു'ള്ളതു്. അതു മാററി മററുള്ളവരുടെ സാമൂഹ്യഉയർച്ചയ്ക്കായി യത്നിക്കുന്നു.

പലരുടേയും വീക്ഷണം കേരളത്തിൽ ഒതുങ്ങിനിൽക്കുകയാണു്. ദേശീയമായ കാഴ്ചപ്പാടു്, സകല സഹോദരങ്ങളേയും ഒന്നായി കാണുവാനുള്ള വിശാലമായ ദർശനം നമുക്കുണ്ടാകണം. വിശ്വവീക്ഷണത്തിനും പ്രാദേശീയമായി സഭയുടെ ഉയർച്ചയ്ക്കുവേണ്ടി മൈക്രഫോണുകളുപയോഗിക്കുന്നതിലുപരി പ്രവർത്തിക്കുന്നതിനായി ഏവർക്കും കഴിയണം.

ഭാരതത്തിലെ മിഷൻപ്രവർത്തനരംഗത്തു് സജീവ പങ്കാളിത്തം വഹിക്കുവാൻ ഓർത്തഡോക്സ് സഭയ്ക്കു് കഴിയുമെന്നു് ഉറച്ചു വിശ്വസിക്കുന്ന തിരുമേനി അതിന്റെ സാധ്യതകളെക്കുറിച്ചു്:

ഭാരതത്തിന്റെ എല്ലാ ഭാഗത്തും മലങ്കര സുറിയാനി സമുദായാംഗങ്ങൾ വന്നുപാർക്കുന്നതിനാൽ സഭയ്ക്കു് എല്ലായിടവും മിഷൻ പ്രവർത്തനത്തിനു സാദ്ധ്യതകളുണ്ടു്. 70–കളുടെ അവസാനം മുതൽ ബാഹ്യകേരള ഭദ്രാസനങ്ങളുടെ വികസനമാണു് യഥാർത്ഥത്തിൽ നടന്നുകൊണ്ടിരിക്കുന്നതു്. ഇതിനു കാരണം സഭയോടു സ്നേഹമുള്ള സമുദായാംഗങ്ങൾ വന്നു പാർക്കുന്നിടത്തെ, ജനങ്ങളെ സംഘടിപ്പിച്ചു് പള്ളികൾക്കു് രൂപം നൽകുന്നതുകൊണ്ടാണു്. ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ അത്മായക്കാരുടെ ഇടയിൽനിന്നുതന്നെയാണുണ്ടാകുന്നതു്. ഇതേപോലെ മിഷൻ പ്രവർത്തനത്തിനും വേദിയൊരുക്കുവാൻ നമുക്കു കഴിയണം. കഴിയും. അതിനായി സഭാംഗങ്ങളെ മിഷൻപ്രവർത്തനത്തെക്കുറിച്ചു് ബോധവാന്മാരാക്കണം.

ആനുകാലിക സഭാപ്രസിദ്ധീകരണങ്ങൾക്കും ആദ്ധ്യാത്മികസംഘടനകൾക്കും ഇതിൽ ക്രിയാത്മകമായി സഹകരിക്കുവാൻ കഴിയും. സഭാംഗങ്ങൾ അധികമായി കൂടുന്നിടത്തു് മിഷൻപ്രവർത്തനത്തെക്കുറിച്ചു് പ്രസംഗിക്കുന്ന പതിവു് മാർത്തോമ്മാക്കാർ നടപ്പാക്കിയിട്ടുണ്ടു്. മാരാമൺ കൺവെൻഷനിലും അതുപോലുള്ള വേദികളിലും മിഷൻപ്രവർത്തനത്തിന്റെ ആവശ്യകതയെക്കുറിച്ചു് ജനങ്ങളെ ബോധവാന്മാരാക്കും. നമുക്കും ഇതേപോലുള്ള വേദികളിൽ മിഷൻ ദൗത്യത്തെക്കുറിച്ചു് പഠിപ്പിക്കേണ്ടതുണ്ടു്.

മദ്ധ്യവേനൽ അവധിക്കാലം ആകുമ്പോഴേയ്ക്കും കത്തോലിക്കാപ്രസിദ്ധീകരണങ്ങളിൽ എത്രയധികം ദൈവവിളി കോൺഫറൻസുകളാണു് പ്രത്യക്ഷപ്പെടുന്നതു്. അവധിക്കാലത്തവർ കുട്ടികൾക്കും യുവാക്കൾക്കും പ്രത്യേക മിഷൻ പരിശീലനം നൽകുന്നു. അവരുടെ പ്രസിദ്ധീകരണങ്ങൾ എല്ലാ കുടുംബത്തിലും എത്തുന്നു. 16 ലക്ഷം ജനങ്ങളുള്ള ഓർത്തഡോക്സ് സഭയ്ക്കു് 'നാലായിരം' (?) വരിസംഖ്യയിൽ കുറവുള്ള പ്രസിദ്ധീകരണങ്ങളല്ലേയുള്ളതു്. സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങൾ എല്ലാ ഗൃഹത്തിലും എത്തിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ മിഷൻദൗത്യം എന്ന ലക്ഷ്യത്തിൽ പ്രത്യേക മാസികകൾ നടത്തിയാലൊന്നും മിഷൻ വളരണമെന്നില്ല.

മിഷൻപ്രവർത്തനം നടത്തുന്നതിനുവേണ്ടിയുള്ള മിഷൻ സൺഡേ കവർ പിരിവു്, സെൻറ്പോൾസിനേയും അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയേയും കേന്ദ്രീകൃതമാക്കിയുള്ള ഒന്നാണല്ലോ– ഇതു് സഭയുടെ സമഗ്രമായ മിഷൻ പ്രവർത്തനത്തിനായി, ക്രമീകരിക്കുന്നതു് അഭികാമ്യമല്ല.

മിഷൻ സൺഡേ ആരംഭിച്ചതു് ബാഹ്യകേരളത്തിൽ മിഷൻ പ്രവർത്തനം നടത്തുന്നതിനുവേണ്ടിയാണു്. എന്നാലിന്നിതിനു് സഭയുടെ വകയായ ഭരണസമിതിയും മററും ഉണ്ടെങ്കിലും ഇതിന്റെ പ്രവർത്തനങ്ങൾ ഒരു ദിശയിലേയ്ക്കു് മാത്രമാണു നീങ്ങുന്നതു്. ഇതിനെക്കുറിച്ചു് ശക്തമായി പലയിടത്തും പറയുകയും മാസികകളിൽ എഴുതുകയും ചെയ്തിട്ടുള്ളതാണു്.

(ശേഷം 4-ാം പേജിൽ)

# ഇവരെ പരിചയപ്പെടുക

# ഇവരുടെ പ്രാർത്ഥനകളും

### കെ. ജോൺ മാത്യൂസ്, തുമ്പമൺ

## എന്റെ ദൈവമായ യഹോവേ ഞങ്ങളിൽ നിന്നു മറഞ്ഞിരിക്കരുതേ - ഇസഹാക്ക്

തന്റെ ജീവിതത്തിൽ റിബേക്ക കടന്നുവന്നതോടുകൂടി ഇസഹാക്കിന്റെ ജീവിതത്തിന് ഒരു പുതിയ അർത്ഥവും വ്യാപ്തിയുമുണ്ടായി. പുത്തൻ പ്രതീക്ഷകൾ ജീവിതത്തിന് നവോന്മേഷം പകർന്നു. അബ്രഹാമിനോടൊത്ത് ജീവിച്ചിരുന്ന ഇസഹാക്കിനെ ദൈവം അനുഗ്രഹിക്കയാൽ സാമ്പത്തികമായും അവന് ഉൽക്കർഷമുണ്ടായി. ദൈവവുമായി അവൻ അനുസ്യൂതം സമ്പർക്കം പുലർത്തിയിരുന്നു. സ്നേഹാധിഷ്ഠിതമായ അവരുടെ കുടുംബജീവിതത്തിലെ 'സമാധാനവും സന്തോഷവും സംതൃപ്തിയും' നിലനിർത്തുവാൻ ഇരുവരും ബദ്ധശ്രദ്ധരായിരുന്നു. ജഗത്പിതാവ് അവരെ അനുഗ്രഹിച്ചു. കാലക്രമേണ മാതാവിന്റെ വേർപാടിലുള്ള ദുഃഖം ഒരോർമ്മ മാത്രമായി ഇസഹാക്കിൽ അവശേഷിച്ചു.

അബ്രഹാം തന്റെ സമ്പാദ്യം മുഴുവൻ ഇസഹാക്കിന് നൽകി. ക്രാന്തദർശിയായ അബ്രഹാം, ഭാവിയിൽ തന്റെ മക്കളുടെ ഇടയിൽ ഒരു ഭിന്നിപ്പുണ്ടാകാൻ സാദ്ധ്യതയുണ്ടാകും എന്നു കരുതി മറ്റു മക്കൾക്ക് ധാരാളം സമ്മാനങ്ങൾ നൽകി തൃപ്തിപ്പെടുത്തിയശേഷം കിഴക്കൻ ദേശങ്ങളിലേയ്ക്ക് പൊയ്ക്കൊള്ളാൻ നിർദ്ദേശം നൽകി.

ഇസഹാക്കിന്റെ വിവാഹാനന്തരം 35 വർഷം കൂടി അബ്രഹാം ജീവിച്ചിരുന്നു. യഹോവയുടെ സ്നേഹിതനിൽ അനുസരണത്തിന്റെ ശംഖനാദം ജീവിതത്തിലുടനീളം അനുരണനം ചെയ്തുകൊണ്ടിരുന്നു. 175-ാം വയസ്സിൽ അബ്രഹാം നിര്യാതനായപ്പോൾ മക്കൾ ഇസഹാക്കും ഇശ്മായേലും കൂടി മക്പേലാഗുഹയിൽ സാറായുടെ കല്ലറയ്ക്ക് സമീപം യഥോചിതം സംസ്കരിച്ചു.

35 വർഷം അവളോടൊത്തു ജീവിച്ചിട്ടും റിബേക്കയിൽ ഒരു കുഞ്ഞുണ്ടാകാത്തതിനാൽ ഇസഹാക്ക് വളരെ ദുഃഖിച്ചു. ഒരു കുഞ്ഞിനുവേണ്ടി കണ്ണുനീരോടുകൂടി യഹോവയോട് അപേക്ഷിച്ചു. തന്റെ പിതാവിന് യഹോവ നൽകിയ വാഗ്ദാനം പ്രാവർത്തികമാകും എന്നുള്ള വിശ്വാസം തന്റെ പ്രാർത്ഥനയുടെ ശക്തിസ്രോതസ്സായിരുന്നു.

'എന്റെ ദൈവമായ യഹോവേ! ഞാൻ നിന്നിൽ ആശ്രയിക്കുന്നു, ഞാൻ ലജ്ജിക്കപ്പെടരുതേ. യഹോവേ! എഴുന്നേൽക്കേണമേ. നിന്റെ കൈയേ ഉണർത്തണമേ. ദുഃഖിക്കുന്നവരെ ഉണർത്തണമേ. എന്റെ ദൈവമേ ഞാൻ പകൽ സമയത്ത് നിലവിളിക്കുന്നു. രാത്രികാലത്തും ഒട്ടും എനിക്ക് മൗനമില്ല. ദൈവമേ! എന്റെ പ്രാർത്ഥനയെ ചെവിക്കൊള്ളണമേ. നീ എനിക്ക് തന്ന റിബേക്കയിൽ ഒരു കുഞ്ഞിനെ കാണുവാൻ ഇതുവരെയും എനിക്ക് ഭാഗ്യം ലഭിച്ചില്ല എന്ന് നീ അറിയുന്നുവല്ലോ. അത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനായ ദൈവമേ! നിനക്ക് മനസ്സുണ്ടെങ്കിൽ അവളുടെ വന്ധ്യത മാറ്റി എനിക്ക് ഒരു കുഞ്ഞിനെ തരേണമേ. എന്നെ ജനിപ്പിച്ചവനായ യഹോവേ! എന്റെ അപേക്ഷയിൽ നിന്ന് മറഞ്ഞിരിക്കരുതേ. ഞാൻ നിങ്കൽ ആശ്രയിക്കുന്നു. ഒരു നാളും ലജ്ജിപ്പിക്കരുതേ. എന്റെ പ്രാർത്ഥന നിന്റെ തിരുമുമ്പിൽ വരേണമേ. എന്റെ നിലവിളിക്ക് ചെവി ചായിക്കേണമേ.

ഹൃദയത്തിന്റെ ഉള്ളിൽനിന്ന് ഉയർന്ന ഈ പ്രാർത്ഥനയുടെ ഫലമായി വി: വേദപുസ്തകത്തിലെ ആദ്യത്തെ ഇരട്ടക്കുഞ്ഞുങ്ങളെ ദൈവം റിബേക്കായ്ക്കു നൽകി– യാക്കോബും, ഏശാവും.

## ഫീച്ചർ തുടർച്ച

3-ാം പേജിൽനിന്നും

ഭിലായ് മിഷനുവേണ്ടി മിഷൻ സൺഡേയിൽനിന്നു കിട്ടുന്ന കവർ കളക്ഷന്റെ വിഹിതമായി രണ്ടായിരം രൂപാ മാത്രമാണ് തന്നുകൊണ്ടിരുന്നത്. എന്നാൽ ശക്തമായ രീതിയിൽ ആവശ്യപ്പെട്ടതുകൊണ്ട് മാത്രം കഴിഞ്ഞ പ്രാവശ്യം പതിനായിരം രൂപാ നല്കി. സഭയുടെ പൊതുവായ രീതിയിൽ നടത്തുന്ന ഈ കവർപിരിവിൽനിന്ന് എല്ലാ മിഷൻ പ്രവർത്തനങ്ങൾക്കും ഒരുപോലെ വിഹിതം കിട്ടുവാനുള്ള മാർഗ്ഗം ഉണ്ടാകണം.

കവർ കളക്ഷൻ വിഹിതം കിട്ടാഞ്ഞിട്ടും ഭിലായ് മിഷൻ പ്രവർത്തനം നടത്തുന്നില്ലേ. നിബന്ധിത കളക്ഷൻ എനിക്കറിയില്ല. എവിടെ ചെന്നാലും ജനറലായിട്ടു പറയും. സന്തോഷത്തോടെ തരുന്നത് സ്വീകരിക്കും. എല്ലാം ദൈവം നടത്തുന്നു എന്നേ പറയുവാൻ കഴിയൂ. മിഷൻ പ്രവർത്തനം 'ഒരേകീകരണ ദൗത്യബോധത്തോടെ' നടത്തുവാൻ കഴിയണം.

മിഷൻ പ്രവർത്തനത്തിനും വികസനത്തിനും ഏറെ സാദ്ധ്യതകളുള്ള ഭിലായ് മിഷന്റെ പ്രധാന പ്രശ്നം പ്രവർത്തകരില്ലായ്മയെന്നുള്ളതാണല്ലോ. മിഷൻ പ്രവർത്തനത്തിന്റെ വളർച്ചയ്ക്കും സഭയുടെ പുരോഗതിക്കുമായി ചില നിർദ്ദേശങ്ങൾ?

–മിഷൻ പ്രവർത്തനം വ്യാപകമാക്കണമെങ്കിൽ നമ്മുടെ ആരാധനാക്രമങ്ങൾ ദേശീയ ഭാഷയിലേയ്ക്ക് ഭാഷാന്തരം നടത്തണം. വി. കുർബ്ബാന തക്സാ ഹിന്ദിയിലാക്കിയിട്ടുണ്ടെങ്കിലും അതു് ചൊല്ലുന്നതിന് വൈദികർക്ക് പരിശീലനം ഇനിയും ലഭിച്ചിട്ടില്ല.

–ബാഹ്യകേരള ഭദ്രാസനത്തിനായി വൈദികസെമിനാരിവിദ്യാഭ്യാസം നടത്തുന്നവർ ഹിന്ദിയിലും ഇംഗ്ലീഷിലും സുഗമമായി സംസാരിക്കുവാനും പ്രസംഗിക്കുവാനുമുള്ള പരിശീലനം നേടണം.

–ആദ്ധ്യാത്മിക സംഘടനകളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന കോൺഫ്രൻസുകളിൽ നിന്ന് മിഷൻ ദർശനം ഉൾക്കൊള്ളുവാൻ തക്കവണ്ണം ക്യാമ്പുകളും പ്രത്യേക ദൈവവിളിസമ്മേളനങ്ങളും ക്രമീകരിച്ചു നടത്തണം.

–സ്ത്രീകളേയും പുരുഷന്മാരെയും മിഷൻ പ്രവർത്തനത്തിലേയ്ക്ക് ആകൃഷ്ടരാക്കുന്നതിന് വൈദികർ ശ്രമിക്കണം. അനേക കന്യാസ്ത്രീകളും അവിവാഹിതരായ വൈദികരും മുന്നോട്ട് വരണം. കഴിവുറ്റ വൈദികരുടെ സേവനം കുറേക്കാലം മിഷൻ പ്രവർത്തനത്തിനായി വിനിയോഗിക്കുവാൻ തയ്യാറാകണം.

–സെമിനാരി വിദ്യാഭ്യാസം ആഗ്രഹിക്കുന്നവരെ ഒരു വർഷം മിഷൻ പ്രവർത്തനങ്ങൾക്കായി വിടണം.

–സർവ്വീസിൽനിന്നും വിരമിച്ചവരും സഭാസേവനത്തിനു സന്നദ്ധരുമായ അത്മായക്കാരുടെ സേവനം സ്വീകരിച്ചു പ്രയോജനപ്പെടുത്തണം.

സഭ എത്ര മിഷൻ പ്രവർത്തനകേന്ദ്രങ്ങളുണ്ടാക്കിയാലും, അതിന്റെ പുരോഗമനപരമായ വിജയമിരിക്കുന്നത്, അതിൽ പ്രവർത്തിക്കുന്നവരുടെ കഴിവിലാണ്. ദൈവഹിതം മനസ്സിലാക്കി പൂർണ്ണസമയം ദൈവതിരുവിഷ്ടത്തിനായി വിനിയോഗിക്കുവാൻ സമർപ്പണബോധ്യമുള്ള ത്യാഗമനസ്കരായ പ്രവർത്തകരുണ്ടാകണം–മിഷൻ പ്രവർത്തകരെ പരിശീലിപ്പിക്കുന്ന വേദികളുണ്ടാകണം. സ്തേപ്പാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ ഓർമ്മിപ്പിച്ചു.

ഉത്തരേന്ത്യൻ മിഷൻ പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുന്ന ഭിലായ് മിഷനെക്കുറിച്ച് കൂടുതൽ അറിയുവാനാഗ്രഹിക്കുന്നവർ താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക.

St. Thomas Ashram,
P. B. No. 24
Bhilai, Durg; M. P.
490 001 Phone-5560

# മറിയ-പഴയനിയമത്തിലെ സാദൃശ്യങ്ങളിൽ

### ബസേലിയൻ

ഏറെ പഠിക്കുമ്പോൾ ഉരുത്തിരിയുന്ന ഒരു വീക്ഷണത്തിൽ പറഞ്ഞാൽ ക്രിസ്തു തരുന്ന വെളിപാടിന് ഒരുങ്ങുവാൻ ദൈവം മനുഷ്യർക്ക് നല്കിയ ശിക്ഷണമായിരുന്നു പഴയനിയമം. പുതിയ നിയമത്തിലൂടെ അവയിലെ ഓരോ നിമിഷവും പൂർത്തീകരിക്കുകയാണ്. പുതിയനിയമത്തിന്റെ ദാർശനിക പരിവേഷം അന്വേഷിക്കുന്നവർക്ക് പഴയനിയമം ആഴത്തിൽ ഉൾക്കൊള്ളാതെ വയ്യ. അത്തരം ഒരു പഠനം ആവശ്യപ്പെടുമ്പോൾ ഒരു വസ്തുത വെളിപ്പെടും. പുതിയ നിയമത്തിലെ എല്ലാ ഉപോൽപത്തികൾക്കും അവലംബം പഴയനിയമത്തിൽ നിരത്തിയിട്ടുണ്ട് എന്ന സത്യം. അതുകൊണ്ടാണ് പഴയനിയമത്തിന്റെ പൂർത്തീകരണമാണ് പുതിയനിയമമെന്നു പറഞ്ഞത്.

പഴയ നിയമത്തിലെ ഏതെങ്കിലും ഒരു വ്യക്തിയോ വസ്തുവോ പുതിയ നിയമത്തിലെ ഏതെങ്കിലും ഒരു വ്യക്തിയുടെയോ വസ്തുവിന്റെയോ പ്രതിരൂപമാണെന്ന് വ്യക്തമായി സ്ഥാപിക്കാൻ അത്യാവശ്യമായ ചില ഘടകങ്ങളുണ്ട്.

1) സഭയുടെ സ്ഥിരമായ പാരമ്പര്യം

2) പുരാതനമായ ആരാധനക്രമത്തിലെ ഉപയോഗം.

3) ക്രിസ്തുവിന്റെ അംഗീകരണം.

4) ശ്ലീഹന്മാരുടെയൊ വിശുദ്ധ ഗ്രന്ഥകാരന്മാരുടെയൊ അംഗീകരണം.

മുകളിൽ പറഞ്ഞ കാര്യങ്ങളിൽവച്ച് ഒരു വ്യക്തിയോ ഒരു വസ്തുതയോ പഴയനിയമത്തിന്റെ താളുകളിൽ നിന്നടർത്തി മറിയത്തിന്റെ രൂപമായോ പ്രവൃത്തിയായോ സാദൃശ്യപ്പെടുത്താൻ അസന്നിഗ്ധമായ ഒരു തെളിവ് ഹാജരാക്കാൻ ആവില്ല. ഇതിന്റെ പ്രധാനകാര്യം മറിയത്തിന്റെ പ്രതിരൂപങ്ങളെക്കുറിച്ച് പുതിയനിയമത്തിൽ പ്രസ്താവങ്ങൾ ഇല്ല. മറിയത്തിന്റെ സമ്പൂർണ്ണ സമർപ്പണത്തെക്കുറിച്ചുള്ള വസ്തുതകളിലും പഴയനിയമം പൂർത്തീകരിക്കപ്പെട്ടതായി പുതിയ നിയമത്തിൽ കാണാൻ കഴിയുന്നില്ല. പാരമ്പര്യ പ്രസ്താവങ്ങളിലും പ്രതിരൂപാത്മകമായി ഒന്നും കാണുന്നില്ല. ചില സഭാ പിതാക്കന്മാർ ജൂഡിത്ത്, എസ്ഥേർ എന്നിവരെ മറിയത്തിന്റെ പ്രതിരൂപമായി ചില ആരാധനാക്രമങ്ങളിൽ ചിത്രീകരിച്ചിട്ടുണ്ടെന്നതു് സത്യമാണ്. എന്നാൽ അതിന് അപവാദമുണ്ട്. ആദ്യകാലത്തെ ആരാധനക്രമത്തിലൊന്നും ഈ രീതി കാണുന്നില്ല. അതുകൊണ്ട് ഈ ലേഖനത്തിൽ ഒരു കാര്യം മുമ്പേ പറയാൻആഗ്രഹിക്കുന്നു. പഴയ നിയമത്തിലെ ചില പ്രതിരൂപങ്ങൾ വസ്തുതകൾ സംഭവങ്ങൾ മറിയത്തെ ബന്ധപ്പെടുത്തി ചിന്തിച്ചാൽ കൂടുതൽ തെളിമ കിട്ടും. 'അതു് തന്നെയാണിതു് അല്ലെങ്കിൽ ഇതു തന്നെയാണതു്'' എന്നു വ്യക്തമായി സ്ഥാപിക്കാൻ തെളിവുകൾ ഇല്ല. കണ്ടെത്തിയ പ്രതിരൂപങ്ങൾ വച്ചു പഠിക്കുമ്പോൾ ഈ പ്രസ്താവങ്ങൾ മറിയത്തിനല്ലാതെ മറ്റാർക്കും കൂടുതൽ ഇണങ്ങുന്നില്ലെന്നു കാണാം. ആ ചിന്തയിലൂടെ ആ പ്രതിരൂപനിമിഷങ്ങളും കാര്യങ്ങളും മറിയത്തെ ബന്ധപ്പെടുത്താവുന്നതാണെന്നു തോന്നുന്നു. ഏറെ പഠിക്കേണ്ട വിഷയമാണിതു്.

പഴയനിയമത്തിൽ ചില പ്രത്യേക സ്ത്രീകളെക്കുറിച്ചു് പ്രസ്താവങ്ങൾ ഉണ്ട്. അവരെ വിശുദ്ധരായി പഴയനിയമം അംഗീകരിക്കുന്നു. രക്ഷാകരമായ പ്രവൃത്തിയിൽ അവർ നിരന്തരം ഏർപ്പെട്ടിരുന്നതായി പഴയനിയമം സാക്ഷിക്കുന്നു. ആ സ്ത്രീകളിൽ മറിയത്തിന്റെ പ്രതിരൂപം ദർശിക്കാം.

1) ആദ്യ സദ്‌വാർത്തയിലെ സ്ത്രീ (ഉൽപ: 3:15)
2) ബത്‌ലഹമിൽ ഒരു ശിശുവിനു് ജന്മമേകിയ സ്ത്രീ (മിഖ. 5:2–3)
3) ഇമ്മാനുവലിന് ജന്മമേകുന്ന കന്യക (യെശ:7,14)
4) പുരുഷനെ വലയം ചെയ്യുന്ന സ്ത്രീ (യിര. 31,22)
5) ഉത്തമഗീതത്തിലെ വധു.

### പ്രഥമ സദ്‌വാർത്തയിലെ സ്ത്രീ

ധാരാളം ബൈബിൾ പണ്ഡിതന്മാർ ഈ വാക്യത്തെ വ്യാഖ്യാനിച്ചിട്ടുണ്ട്. ഒരു കൂട്ടർ മറിയത്തിനു് പ്രാധാന്യം കൊടുത്തുകൊണ്ട് വ്യാഖ്യാനിക്കുമ്പോൾ ആധുനികരായ ചില പണ്ഡിതന്മാർ ഉല്പത്തിയിലെ ഈ വാക്യങ്ങൾ മനുഷ്യരക്ഷയെക്കുറിക്കുന്ന ഒരു പ്രവചനമായിട്ടാണ് കാണുന്നതു്.

പിശാചിന്റെ സ്വാധീനം ഹേതുവായി ആദിമാതാപിതാക്കന്മാർ വഴി തെറ്റിയതാണ് ഈ വാചകത്തിന്റെ പശ്ചാത്തലം. സാത്താന്റെമേൽ മനുഷ്യൻ ഒരിക്കൽ വിജയം നേടുമെന്നു് വാഗ്ദാനം നൽകി ദൈവം ആദാം ഹവ്വമാരെ ആശ്വസിപ്പിക്കുകയാണിവിടെ.

'നിനക്കും സ്ത്രീക്കും തമ്മിലും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും നീ അവന്റെ കുതികാലിൽ കടിക്കും —' ഈ വാക്യം പഠിക്കുമ്പോൾ ഇവിടെ സ്ത്രീയുടെ സന്തതി എന്നു പറഞ്ഞിരിക്കുന്നതു് മനുഷ്യവംശത്തിന്റെ മുഴുവൻ പ്രതിനിധിയാണ്. മനുഷ്യനും തിന്മയും തമ്മിലുള്ള നിരന്തര പോരാട്ടത്തെപ്പറ്റിയാണ് ഈ വാക്യം പറയുന്നതു്. ക്രിസ്തുവിന്റെ ചരിത്രം പരിശോധിക്കുമ്പോൾ പിശാചിന്റെമേൽ

(ശേഷം 5-ാംപേജിൽ)

# മറിയം–പഴയനിയമത്തിലെ...

4–ാം പേജിൽനിന്നും തുടർച്ച

അവൻ നേടിയ വിജയം മർത്ത്യവംശം നേടിയ വിജയമാണല്ലോ. ആധുനിക പണ്ഡിതന്മാർ ആണ് മനുഷ്യരക്ഷയെക്കുറിക്കുന്ന ഒരു പ്രവചനമായി ഇതു രൂപാന്തരപ്പെടുത്തിയതു്. രക്ഷാകരചരിത്രത്തിന്റെ ദൃഷ്ടിയിലൂടെ നോക്കുമ്പോൾ പിശാചിന്റെമേൽ വിജയം വരിച്ച മനുഷ്യസന്തതി ക്രിസ്തുവാണെന്നതു് സത്യമാണ്. അങ്ങനെയെങ്കിൽ രക്ഷാകരന്റെ അമ്മയെക്കുറിച്ചുള്ള വ്യാഖ്യാനം ആ വാക്യത്തെ സംബന്ധിച്ചിടത്തോളം രണ്ടാമത്തെ പടിയായി അംഗീകരിക്കാം.

## യുവതിയായ സ്ത്രീ

(യെശയ്യാ. 7,14)

യെശയ്യാവിന്റെ പ്രവചനഭാഗമാണിതു്. ഈ വാക്യത്തെക്കുറിച്ചും ധാരാളം വ്യാഖ്യാനങ്ങൾ പുറത്തു വന്നിട്ടുണ്ട്. ഈ വാക്യത്തിന്റെ പശ്ചാത്തലമിതാണ്.

B. C. 731—ൽ യെഹൂദ്യാ രാജാവായ ആഹാസിനെതിരെ സിറിയായിലെയുംഇസ്രായേലിലേയും രാജാക്കന്മാർ യുദ്ധത്തിനുള്ള ഒരുക്കങ്ങൾ കൂട്ടി.അവർ പട ശേഖരിച്ച് ആഹാസിനു് എതിരെ യുദ്ധം നടത്തുമെന്നു് ഭീഷണിയുമായി രംഗത്തു് വന്നു. ആ സമയം മററുപായങ്ങളില്ലാഞ്ഞു് ആഹാസ് അസീറിയക്കാരുടെ സഹായത്തിനപേക്ഷിച്ചു. ഒരു വിശ്വാസിക്കു് നിരക്കുന്നതല്ലായിരുന്നു ആഹാസിന്റെ പ്രവൃത്തി. യെശയ്യാവ് ഇതിനെതിരെ പ്രതിഷേധിച്ചു.

ദൈവം യൂദാരാജ്യത്തെ പരിരക്ഷിക്കും. യെശയ്യാവ് പ്രവചിച്ചു. അക്കാര്യം ആഹാസിനെ ബോധ്യപ്പെടുത്താൻ അവിടുന്നുവേഗംതന്നെ ഒരു അടയാളം കാണിക്കും. ആ വാക്യം ഇതാണ്.

'അതിനാൽ ദൈവം തന്നെ നിനക്കൊരടയാളം തരും. ഇതാ ഒരു കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവനെ ഇമ്മാനുവേൽ എന്നു പേർ വിളിക്കണം' ദാവീദ് വംശത്തിന്റെ നാശം ഉടനെയില്ലെന്നാണ് പ്രവചനം സൂചിപ്പിക്കുന്നതു്. ഇമ്മാനുവേൽ എന്ന പേരിന്റെ അർത്ഥം തന്നെ ദൈവം നമ്മോടുകൂടെ എന്നാണല്ലോ. കന്യകയിൽനിന്നും ജന്മംകൊണ്ടു് ഇമ്മാനുവേൽ യിസ്രായേലിന്റെ സംരക്ഷണത്തിന്റെ ചിഹ്നമായിരുന്നു.

ഈ പ്രവചനത്തെ രണ്ടു് രീതിയിൽ കണക്കാക്കാം.

(1) കന്യകയിൽനിന്നുള്ള ശിശുവിന്റെ ജനനം യിസ്രായേൽ രാജ്യത്തിന്റെ രക്ഷയായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ ചരിത്രത്തിൽ ആ പദങ്ങളുടെ അർത്ഥത്തിൽ ഏറെ വെളിച്ചം ലഭിക്കുന്നു. കന്യകയിൽനിന്നുള്ള രക്ഷകന്റെ ജനനത്തിനു് ലോകം മുഴുവൻ ബാധ്യതപ്പെട്ടിരിക്കുന്നു. തത്ഫലമായി ലോകത്തിന്റെ തന്നെ രക്ഷയാണ് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നതു്. മനുഷ്യവംശത്തിന്റെ രക്ഷയെക്കുറിക്കുന്നുവെന്നർത്ഥത്തിൽ കന്യക പ്രസവിക്കുന്നതു് ക്രിസ്തുവിനെയാണ്. അങ്ങനെയെങ്കിൽ അവിടെ പ്രതിപാദിക്കപ്പെടുന്ന സ്ത്രീ 'മറിയം' തന്നെ.

## മീഖായുടെ പ്രവചനം

മീഖായുടെ പ്രവചനം, ഇമ്മാനുവേലിന്റെ മാതാവിനെക്കുറിച്ചുള്ള യെശയ്യാവിന്റെ പ്രവചനത്തിനു തുല്യമോ സമാന്തരമോ ആണ്. യെശയ്യാവിന്റെ പ്രവചനത്തിന്റെ സാധുത ബലപ്പെടുത്തുകയാണ് മീഖാപ്രവാചകൻ ചെയ്യുന്നതു്. യിസ്രായേലിന്റെ വിജയത്തിനു നിദാനമായ രക്ഷകൻ ബെത്‌ലഹേമിൽ പിറക്കുമെന്നും അവൻ തന്റെ ജനങ്ങളെ മഹോന്നതമഹത്വത്തിലേയ്ക്കാനയിക്കുമെന്നും മിഖയാ പ്രവചിക്കുന്നു. ആ വാക്യം ഇതാ:–

''അല്ലയോ ജറുസലേം എഫ്രത്തായേ, യൂദായുടെ വംശത്തിൽ ഏററവും ചെറിയവളെ ഇസ്രേലിന്റെ ഭരണാധികാരിയിൽനിന്നുത്ഭവിക്കും പുരാപുരുഷനാണവൻ. ആകയാൽ പ്രസവവേദന അനുഭവിക്കുന്നവർ പ്രസവിക്കുന്നതുവരെ അവൻ അവരെ ഏല്പിച്ചുകൊടുക്കും''. (മിഖാ: 5-2-3).,

മിഖായേൽ ഇസ്രേലിന്റെ ഭാവി ഭരണാധികാരിയുടെ ജനനത്തെക്കുറിച്ചാണ് പ്രവചിക്കുക. പ്രവചനത്തിന്റെ പശ്ചാത്തലം നോക്കുക. സെന്നാഖെറിബിന്റെ ഉപരോധത്തിലമർന്നിരിക്കുന്ന യരുശലേംനഗരത്തെയും നിരാശയുടെ പടുകുഴിയിലായ ജനത്തെയും നാം കാണുന്നു. ഒരു പ്രത്യേക സ്ത്രീ– അവൾ വിശുദ്ധയും ദൈവദാസിയുമാണ്-ബെത്‌ലഹേമിൽവച്ച്ഒരു ശിശുവിനെ പ്രസവിക്കുന്നതോടെ രാജഭരണത്തിനു് അറുതി വരുമെന്നും മനുഷ്യരുടെ കഷ്ടപ്പാടുകൾ പരിഹരിക്കപ്പെടുമെന്നും പ്രവാചകൻ പറയുന്നു. സമാധാനം സ്ഥാപിക്കുകനാണ് യിസ്രായേലിന്റെ രക്ഷകനായി വരുന്ന ആ സ്ത്രീജാതൻ. രക്ഷകന്റെ ജന്മസ്ഥലം ബത്‌ലേഹമായിരിക്കുമെന്നു് പ്രധാന പുരോഹിതരും നിയമവ്യാഖ്യാതാക്കളും ചൂണ്ടിക്കാണിച്ചതു് ഈ പ്രവചനം വച്ചാണ്. (മത്തായി 2, 5) രക്ഷകനാണ് മീഖാ പ്രവചിച്ച ഭരണാധികാരി. രക്ഷകനായ യേശുവിന്റെ ഉത്ഭവത്തെ മാത്രമേ നിത്യമെന്നു വിളിക്കാനാവൂ. അവന്റെ രാജാധികാരം മാത്രമേ ഭൂമിയുടെ ചക്രവാളം വരെ വ്യാപിച്ചിരിക്കുന്നുവെന്നു് പറയാനാവുകയുള്ളു.

ഈ വ്യാഖ്യാനം–ശരിയായിരിക്കുന്നതുകൊണ്ടു് മീഖാ പറയുന്ന സ്ത്രീ–യേശുവിന്റെ അമ്മ-മറിയം തന്നെ. അതുകൊണ്ടു് മീഖാ 5-3 ലെ സ്ത്രീ മറിയം തന്നെ എന്നു വ്യക്തമാകുന്നു.

## യിരമ്യാവിന്റെ പ്രവചനം

യിരമ്യാവിന്റെ പ്രവചനത്തിനു് രണ്ടു് വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്. രണ്ടും രണ്ടു് തരത്തിൽ സാധുത്വം വഹിക്കുന്നതുമത്രേ.

''അല്ലയോ ഇസ്രായേൽ കന്യകയെ, തിരിച്ചുവരുക; നിങ്ങളുടെ പട്ടണങ്ങളിലേയ്ക്കു് മടങ്ങിവരിക. വിശ്വാസരഹിതയായ മകളെ എത്രനാൾ നീ ഇങ്ങനെ അലഞ്ഞുനടക്കും. കർത്താവു് ഭൂമിയിൽ ഒരു നവീന വ്യവസ്ഥിതി സൃഷ്ടിക്കും. ഒരു സ്ത്രീ ഒരു പുരുഷനെ വലയം ചെയ്യും'' (യിര: 31:22).

യിരമ്യാവിന്റെ പ്രവചനം ഇസ്രേലിന്റെ മാനസാന്തരം, പുനരാഗമനം, പുനരുദ്ധാരണം എന്നിവയെ പരാമർശിക്കുന്നു. B. C. 721–ൽ ഇസ്രായേൽക്കാരെ അസ്സീറിയായിലേയ്ക്കു് പിടിച്ചുകൊണ്ടുപോയി എന്നു് ചരിത്രം പറയുന്നു. അതിനെ തുടർന്നുള്ള കാര്യങ്ങളിലേയ്ക്കു പ്രവാചകൻ കടക്കുമ്പോഴാണ് ഉദ്ധൃതവാക്യശകലങ്ങൾ സൂചിതമാകുന്നതു്. ഇവിടെ പ്രധാനമായി വ്യാഖ്യാനിക്കേണ്ട വാചകം ഇതാണ്. 'പുരുഷനെ വലയം ചെയ്യുന്ന സ്ത്രീ'.

ശെപ്ളൻസിന്റെ പഠനത്തിൽ അദ്ദേഹം പറയുന്നു. ''യിരമ്യാവിന്റെ ആ സ്ത്രീ ഇസ്രേൽ ജനതയത്രേ. അവിടെ പറഞ്ഞ പുരുഷൻ യഹോവയും. ഇസ്രേൽ സ്നേഹത്തോടെ യഹോവയിലേയ്ക്കു് മടങ്ങിവരണം എന്നാണ് സൂചന. എന്നാൽ വേദപണ്ഡിതനായ ജെറോമിന്റെ അഭിപ്രായത്തിൽ മറിയമാണ് യിര: 31:22–ൽ സൂചിപ്പിക്കുന്ന സ്ത്രീ എന്നു പറയുന്നു. മാനുഷിക സഹകരണം കൂടാതെ മനുഷ്യനായി തീർന്ന ദൈവത്തെ മറിയം അവളുടെ ഉദരത്തിൽ വഹിച്ചതാണ് ഇവിടുത്തെ സൂചന. മറിയത്തിന്റെ ഉദരത്തിൽ വചനം ജഡമായ ചരിത്രമാണ് ഇവിടെ സൂചിപ്പിക്കുന്നതെന്നാണ് പഠനം. മറിയത്തിന്റെ സൂചനയായി ജെറോമിന്റെ പഠനം ഇങ്ങനെ അംഗീകരിക്കാം. വചനം കന്യകയുടെ ഉദരത്തിൽ ജഡമായി അവതരിക്കുന്നതോടെ ഇസ്രയേലിനു് യഹോവയുമായി ഒരു നൂതനബന്ധം സ്ഥാപിക്കാൻ കഴിയും. അതോടെ ഇസ്രയേൽ ജനതയുടെ കഷ്ടപ്പാടിനു് അന്ത്യം കുറിക്കും. ആ കഷ്ടപ്പാടിനു് അന്ത്യം കണ്ടെത്താൻ മനുഷ്യജാതനായി വന്ന രക്ഷകന്റെ മാതൃത്വം മറിയത്തിൽ ആരോപിതമാകാൻ ഈ പ്രവചനം അനന്തരപഠനങ്ങൾക്കു് മാതൃകയാകുമെന്നു് സംശയമെന്നിയേ പറയാം.

## ഉത്തമഗീതത്തിലെ വധു

ഉത്തമഗീതത്തെ പലരും പല തരത്തിൽ വ്യാഖ്യാനിക്കുന്നുണ്ട്. ഏക ഭാര്യാത്വവും വൈവാഹിക വിശ്വസ്തതയും നിലനിർത്താനുള്ള സ്നേഹഗാനമാണ് ഉത്തമഗീതം. യോഗാത്മക രീതിയിൽ ദൈവവും വിശുദ്ധാത്മാക്കളുമായുള്ള സംഗമത്തെയാണ് ഉത്തമഗീതം സ്പഷ്ടീകരിക്കുന്നതു്. ദൈവവും ക്രിസ്തുവിന്റെ ഭൗതിക ശരീരത്തിലെ ഏററവും വിശിഷ്ട വ്യക്തിയുമായ മറിയവും തമ്മിലുള്ള ബന്ധമായും ഉത്തമഗീതം വ്യാഖ്യാനിക്കപ്പെടുന്നു. ഇങ്ങനെ ഒരു വ്യാഖ്യാനം ആദ്യം നല്കിയതു് റോബർട്ട് ഡ്യൂസിയാണ്. താഴ്‌വരകളിലെ ലില്ലി (2,1) മുദ്രിതമായ ഉറവ (4, 12) ഉദ്യാനാരുവി (4,15) ദന്തഗോപുരം (7, 4) എന്നിങ്ങനെയുള്ള നാമപദങ്ങൾ മറിയത്തിനു്പകരം നില്ക്കുന്നതായി ആരോപിക്കുന്നു. ഉത്തമഗീതത്തിലെ 'വധു' മറിയത്തിന്റെ പ്രതിഛായയാണത്രേ.ക്രിസ്തുവിന്റെതിരുശരീരത്തിനു് ആധാരവും ആധേയവുമായതു് മറിയമാണല്ലോ. ഉൽപത്തിയിൽ പറയുന്ന 'സാറ' റബേക്കാ റാഹേൽ തുടങ്ങിയവരെ മറിയത്തിന്റെ പ്രതിരൂപാത്മക സ്ത്രീകളായി കണ്ടെത്താൻ കഴിയും.


**ഓർത്തഡോക്സ് ഹെറാൾഡ്**

ശനിയാഴ്ചതോറും ദേവലോകം അരമനയിൽ നിന്നും പ്രസിദ്ധീകരിക്കുന്നു.

**വരിസംഖ്യ മുൻകൂർ**

ഒരുവർഷം— 60രൂപാ

രണ്ടുവർഷം— 100രൂപാ

വിലാസം

ഓർത്തഡോക്സ് ഹെറാൾഡ്

ദേവലോകം അരമന

കോട്ടയം—686 038

Phone 0481-8234

**Advisory Board**

Patron

H. H. Baselius Marthoma Mathews I

President

H. G. Geevarghese Mar Ivanios

Fr. Mathai Vilanilathu,
Fr. P.C. Geevarghese(USA)
Fr. Zachariah Perangattu,
Mr. P. J. Koshy (Bombay)
Mr.M.A Abraham(Madras)
Mr. M.G.George Muthoot (Delhi)

Mr. T. O. Jacob,
Mr. P. V. Job
Mr. P. P. Mathew
Mr. John Mathews
Mr. K. O. Kurian
Dr. K. P. Johny



## REQUIRES

The office of the Orthodox Church Development programme Endowment Fund requires the following staff.

1. Co-ordinator: Should be capable to maintain and administer the office well. Persons retired from similar posts from elsewhere will be preferred.

2. Office Assistant: Young and energetic Persons with knowledge of typewriting is required for this post. He should be prepared for travel all over the dioceses.

Please apply within 15 days from the date of this advertisement with full bio-data expected salary and a recent photograph to 'The Convener, Orthodox Church Development Programme Endowment Fund Devalokam Aramana, Kottayam-38'.

10-6-1989



*അപേക്ഷകൾ ക്ഷണിക്കുന്നു*

## മലങ്കര പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ്

മലങ്കര എക്യൂമെനിക്കൽ എഡ്യൂക്കേഷൻ സൊസൈററിയുടെ തൊഴിലധിഷ്ഠിതവിദ്യാഭ്യാസത്തിന്റെ ഭാഗമായി കേരളത്തിൽ വിവിധ ജില്ലകളിലായി–തിരുവല്ലാ, കോഴഞ്ചേരി, കൊട്ടാരക്കര, ചെറുവക്കൽ (ആയൂർ), കരവാളൂർ (പുനലൂർ), നെയ്യാററിൻകര, എടത്വാ, അമ്പലപ്പുഴ, ആലപ്പുഴ, ചേർത്തല, തൃശ്ശൂർ, പാലക്കാട്, മഞ്ചേരി, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിൽ പ്രശസ്തമായ വിധത്തിൽ നടത്തിവരുന്ന പ്രീ–പ്രൈമറി/നഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സിന്റെ 10–ാമതു് ബാച്ച് ജൂണിൽ ആരംഭിക്കുന്നു.

പരിശീലനാനന്തരം തൊഴിൽ സാദ്ധ്യതയുള്ള ഈ കോഴ്സിലേക്കു് ഓരോ സ്ഥലങ്ങളിലും 25 വനിതകളെ വീതം തിരഞ്ഞെടുക്കുന്നു. പള്ളികൾ, സംഘടനകൾ എന്നിവിടങ്ങളിൽനിന്നും ശുപാർശ ചെയ്യുന്നവർക്കു് മുൻഗണന നൽകും. പരീക്ഷായോഗ്യത S.S.L.C. മുതൽ. (ഇപ്പോൾ പരീക്ഷക്കു് എഴുതിയിട്ടുള്ളവർക്കും അപേക്ഷിക്കാം ) കുറഞ്ഞ ചിലവിൽ താമസസൗകര്യം. വിശദവിവരങ്ങൾ അടങ്ങിയ പ്രോസ്പക്ടസിനും അപേക്ഷാ ഫാറത്തിനും Rs 10/– മാനേജിംഗ് ഡയറക്ടർ, മലങ്കര എക്യൂമെനിക്കൽ എഡ്യൂക്കേഷൻ സൊസൈററി; തിരുവല്ലാ, കോഴഞ്ചേരി P. O., ഫോൺ 551.

N. B. ഈ സൊസൈററിയിൽനിന്നും ഇതുവരെ കോഴ്സ് പൂർത്തിയാക്കി. ജോലി ലഭിക്കാതെ നില്ക്കുന്നവർ 1989 ജൂൺ 5 നു് മുമ്പായി കോഴഞ്ചേരി ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

ആവശ്യമുണ്ട്: B. Ed., B. Com., Nursery Teacher, ഹോംസയൻസ്, സെക്രട്ടേറിയൽ (വനിതകൾ മാത്രം)

## ഗവണ്ണർ കുന്നൂർ ...

(1–ാം പേജിൽനിന്നുംതുടർച്ച)

ഡോ. പി. സി. അലക്സാണ്ടർ പ്രസ്താവിച്ചു.

ഇക്കഴിഞ്ഞ ഏപ്രിൽ 30–ന് കുന്നൂർ ഓർത്തഡോക്സ് പള്ളി സന്ദർശനവേളയിൽ ചേന്ന ഒരു പൊതുസമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു ഡോ. അലക്സാണ്ടർ.

ഉന്നതമായ ഒട്ടേറെ പദവികളിലിരുന്നിട്ടുള്ള തനിക്ക് അതിലേറെ അഭിമാനത്തിനു വക നൽകുന്നതു് മലങ്കര ഓർത്തഡോക്സ് സഭയുടെ അംഗത്വത്തിലാണെന്നും അദ്ദേഹം അറിയിച്ചു.

'ഇന്നത്തെ സഭാനേതൃത്വത്തെക്കുറിച്ച് ഞാൻ അഭിമാനം കൊള്ളുന്നു.' ഡോ. അലക്സാണ്ടർ തുടർന്നു.

സമ്മേളനത്തിൽ ഫാ. വി. സി. ജോസ് ചെമ്മനം സ്വാഗതം ആശംസിച്ചു. ജോൺ ഈപ്പൻ കൃതജ്ഞത പറഞ്ഞു.

# പരിശുദ്ധ ബാവാ

# മാതാപിതാക്കളോട്

പ്രിയരെ,

മദ്ധ്യവേനൽ അവധി കഴിഞ്ഞു് ജൂൺ മാസത്തിൽ എല്ലാ വിദ്യാലയങ്ങളും തുറന്നു പ്രവർത്തനങ്ങൾ ആരംഭിക്കുകയാണല്ലൊ. വിദ്യാലയാന്തരീക്ഷം നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ കുഞ്ഞുങ്ങളുടെകാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ട കടമ രക്ഷാകർത്താക്കൾക്കുണ്ടു് എന്നുള്ള കാര്യം ഓരോ രക്ഷാകർത്താവിനെയും നാം ഓർമ്മപ്പെടുത്തുന്നു.

കലാലയങ്ങളിലേയ്ക്കു്കടന്നു വരുന്ന രാഷ്ട്രീയ കിടമത്സരങ്ങൾ കുട്ടികളുടെ വിദ്യാഭ്യാസത്തെ വളരെയധികം ബാധിക്കുന്നുണ്ടു്. അതിലുപരിയായി മദ്യപാനാസക്തി, മാരകമായ മയക്കുമരുന്നുകളുടെ സ്വാധീനം മുതലായവ ധാർമ്മിക മൂല്യങ്ങളുടെ തകർച്ചയ്ക്കു വേഗത കൂട്ടുകയാണു് ചെയ്യുന്നതു്. കുട്ടികളിൽ സൽപ്രേരണ വളർത്തിയെടുക്കേണ്ടതു് മാതാപിതാക്കന്മാരുടെ ഒഴിച്ചുവയ്ക്കാൻ പാടില്ലാത്ത കർത്തവ്യങ്ങളിലൊന്നായി അവർ അംഗീകരിക്കുകയും അതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സഭയിൽനിന്നു് അവർക്കു ലഭിക്കുകയും വേണം. കുട്ടികൾ ദൈവാശ്രയമുള്ളവരായി വളർന്നു വന്നു് സഭയോടും സമൂഹത്തോടുമുള്ള കടമകൾ നിർവിഘ്നം നിറവേററി തങ്ങളുടെ വിദ്യാർത്ഥിജീവിതം അനുഗ്രഹപ്രദമാക്കിത്തീർക്കണമെന്നു് അവരെ നാം പ്രത്യേകം ഉൽബോധിപ്പിക്കുന്നു.

ഈ കാര്യങ്ങളെപ്പററി മാതാപിതാക്കൾ ബോധവാന്മാരാവുകയും, കുട്ടികളുടെ കലാലയവിദ്യാഭ്യാസത്തിൽ ശ്രദ്ധിക്കുന്നതോടൊപ്പംതന്നെ അവരുടെ ആത്മീയജീവിതത്തിലും ശ്രദ്ധപതിപ്പിക്കുകയും ചെയ്യണം. കുട്ടികളുടെ സ്വഭാവ രൂപവൽക്കരണം ആരംഭിക്കേണ്ടതു് ഭവനത്തിലാണു്. മാതൃകാപരമായ ജീവിതം നയിക്കുന്ന മാതാപിതാക്കളുടെ കുടുംബത്തിലെ കുട്ടികൾ ഏതു സാഹചര്യം വന്നാലും അവരുടെ ലക്ഷ്യത്തിൽനിന്നു് തെററുകയില്ല. ഭവനങ്ങളിലെ ജീവിതത്തിലെന്നതുപോലെ കുട്ടികളുടെ വിദ്യാലയജീവിതത്തിലും അവിടെയുള്ള പെരുമാററത്തിലുമെല്ലാം മാതാപിതാക്കൾ ശ്രദ്ധാലുക്കളായിരിക്കേണ്ടതാവശ്യമാണു്.

നമ്മുടെ സഭ ഡിസംബർ രണ്ടാം ഞായറാഴ്ച ശിശുദിനമായി ആചരിക്കുന്നുണ്ടു്. അന്നു പന്ത്രണ്ടുവയസ്സിനു താഴെയുള്ള എല്ലാ കുട്ടികളും വി. കുർബാന അനുഭവിക്കുന്നതിനും ദേവാലയങ്ങളിൽ അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥനകൾ നടത്തുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുവാൻ ആണ്ടുതോറും നാം നിർദ്ദേശിക്കാറുണ്ടു്.

നമ്മുടെ എല്ലാ പള്ളികളിലും ഈ വരുന്ന ജൂൺ 4–ാംനു ഞായറാഴ്ച 'വിദ്യാർത്ഥി ദിനമായി ആചരിക്കുകയും, വിദ്യാർത്ഥികൾക്കുവേണ്ടി വി. കുർബാനമദ്ധ്യേ പ്രത്യേകം പ്രാർത്ഥിക്കുകയും, എല്ലാ വിദ്യാർത്ഥികളും, കുമ്പസാരിച്ചു് വി. കുബ്ബാന അനുഭവിക്കത്തക്കവണ്ണം ആവശ്യമായ ഏർപ്പാടുകൾ ചെയ്യുകയും വേണം.

നമ്മുടെ പ്രിയപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും നമ്മുടെ ആശംസകൾ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## ഭദ്രാസന വിഭജനം എങ്ങനെ?

പുതിയ ഭദ്രാസനങ്ങൾ മലങ്കര സഭയ്ക്കു് ഇനിയും ആവശ്യമോ? വേണമെങ്കിൽ അതു് എങ്ങനെ? പുതിയ ഭദ്രാസനങ്ങൾ ഏതായിരിക്കണം. അതിൻെറ പ്രായോഗികതലം .... ഇവയെക്കുറിച്ച് ഹെറാൾഡ് വായനക്കാരിൽ നിന്നു് അഭിപ്രായങ്ങൾ ക്ഷണിച്ചു കൊള്ളുന്നു. തിരഞ്ഞെടുക്കപ്പെടുന്ന ലേഖനങ്ങൾ ഹെറാൾഡിൽ പ്രസിദ്ധീകരിക്കുന്നതാണു്. എഡിററർ, ഓർത്തഡോക്സ് ഹെറാൾഡ്, ദേവലോകം, കോട്ടയം–686 038 എന്ന വിലാസത്തിൽ കടലാസിൻെറ ഒരു പുറത്തു മാത്രം എഴുതി അയയ്ക്കുക.

## പ്രശസ്ത വിജയം



തിരുവല്ല: സെൻറ് തോമസ് സെഹിയോൻ ഓർത്തഡോക്സ് ചാപ്പൽ യുവജനപ്രസ്ഥാനാംഗമായ സി. എബി ജേക്കബ് തിരുവനന്തപുരം എൻജിനീയറിംഗ് കോളജിൽനിന്നു് 73% മാർക്കു വാങ്ങി ബി. ടെക്ക് പരീക്ഷയിൽ പ്രശസ്ത വിജയം നേടി. തിരുവല്ലാ മാർത്തോമ്മാ ടീച്ചേഴ്സ് കോളജ് പ്രൊഫസർ സി.എ. ചാക്കോയുടേയും കോതമംഗലം എൻജിനീയറിംഗ് ലക്ചറർ ശോശാമ്മയുടെയും പുത്രനാണു് ഇദ്ദേഹം.









Varghese P. Mathew
Texas

## ബസേലിയോസ് അവാർഡ് ബജററിൽ 2000 രൂപാ

കോട്ടയം: സാഹിത്യകാരന്മാർക്കു് അവാർഡു നല്കുന്നതിലേയ്ക്കു് ഈ വർഷം മുതൽ സഭാ ബജററിൽ 2000 രൂപാ വകകൊള്ളിച്ചിരിക്കുന്നു.

മലങ്കര ഓർത്തഡോക്സ് ഹെറാൾഡും ഫാ. മത്തായി വിലനിലവും സംയുക്തമായി 1987–ൽ പരിശുദ്ധബാവാ തിരുമനസ്സിലെ ജന്മദിനത്തോടനുബന്ധിച്ച് സ്പോൺസർ ചെയ്യേർപ്പെടുത്തിയ ബസേലിയോസ് അവാർഡാണു് സഭ ഇപ്പോൾ ഏറെറടുത്തിരിക്കുന്നതു്.

അന്നു് സാഹിത്യത്തിൽ മഹാകവി പുത്തൻകാവു മാത്തൻ തരകനും ആരാധനാ സാഹിത്യത്തിൽ സഭാ കവി സി. പി. ചാണ്ടിക്കുമാണു് ഈ അവാർഡുകൾ ലഭിച്ചതു്.






K. J. SABU
കടവിൽ തോപ്പിൽ
എണ്ണക്കാട്









Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2 Manager Fr. Raju Varghese, Asst. Manager A.J. George, Circulation Asst. K. P. Jacob, (Hon) Chief Editor Dr. Samuel Chandanappally, Associate Editor Fr. C. A. Issac, Office Address: Malankara Orthodox Herald Devalokam, Kottayam–686 038